# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ റ്റി വി എം ജി പി.6/947/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 02/07/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ റ്റി വി എം ജി പി.6/947/2021 തീയ്യതി: 02/07/2021

## തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെ.ഡയറക്റ്റർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സ്വപ്ന.ആർ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.രേഖ സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുരേഷ് ബാബു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ആര്യാകൃഷ്ണൻ.എ.ആർ, ഓഡിറ്റർ

ശ്രീമതി.മെർലിൻ ജേക്കബ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം.എസ്.അനില | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| സുമേഷ്.കെ.ആർ, | സെക്രട്ടറി | 01-04-2019 | 07-07-2019 |
| അജിത് കുമാർ, | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-07-2019 | 28-07-2019 |
| സുമേഷ്.കെ.ആർ, | സെക്രട്ടറി | 29-07-2019 | 06-11-2019 |
| അജിത് കുമാർ, | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-11-2019 | 12-11-2019 |
| ഷിബു പ്രണബ്.ആർ.എസ് | സെക്രട്ടറി | 13-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിത് കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| സഞ്ചു.പി.നായർ | അസി.എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| സജു | അസി.എഞ്ചിനീയർ | 18-07-2019 | 31-03-2020 |
| സി.പ്രമോദ്കുമാർ, | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| സജിനി.എസ്.നായർ, | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ജാസ്മിൻ.എസ്.എം, | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ലീന തോമസ്, | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2019 | 31-03-2020 |
| ദീജു.എസ്.എസ് | വില്ലേജ് എസ്റ്റൻഷൻ ഓഫീസർ-1 | 01-04-2019 | 31-05-2019 |
| രശ്മി മോഹൻ. | വില്ലേജ് എസ്റ്റൻഷൻ | 01-06-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ-1 | | |
| കുമാരി.ആർ.എൽ.ജലജ | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| സജിത.കെ.എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 16-12-2019 |
| ഉണ്ണികൃഷ്ണൻ.എസ് | വില്ലേജ് എസ്റ്റൻഷൻ ഓഫീസർ-1 | 01-04-2019 | 31-03-2020 |
| ദീപ.എ.എസ് | വില്ലേജ് എസ്റ്റൻഷൻ ഓഫീസർ-1 | 13-12-2019 | 31-03-2020 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Arya Krishnan A.R (Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 01-07-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Suresh Babu B (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-2 |
| 3 | MGNREGS അഡ്മിൻ വരവ്, ചെലവ് എന്നിവ എഫ്.എസ്സ്, ക്യാഷ്ബുക്ക്എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-2-01 |
| 4 | ഡെപ്പോസിറ്റ് ഇനങ്ങൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 28-06-2021)<br>Last Updated By: Suresh Babu B (Senior Grade Auditor, On 28-06-2021) | 1-2-02 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ അപൂർണ്ണം<br>Written By: Suresh Babu B (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-2-03 |
| 6 | KURDFC ലോൺ വരവ്,നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-2-04 |
| 7 | ബാലൻസ് ഷീറ്റ് B-18 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ തുക ബാക്കിനിൽക്കുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-2-05 |
| 8 | ഫെസ്റ്റിവൽ അഡ്വാൻസ്- വിവരങ്ങളിൽ പൊരുത്തക്കേട് നിലനിൽക്കുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-2-06 |
| 9 | വരവിനങ്ങൾ ഡിമാന്റിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-2-07 |
| 10 | Income And Expenditure Schedule പ്രകാരം സ്ഥാപനം നഷ്ടത്തിൽ പ്രവർത്തിക്കുന്നു<br>Written By: Suresh Babu B (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 01-07-2021) | 1-2-08 |
| 11 | സാമ്പത്തിക വിശകലനം<br>Written By: Suresh Babu B (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 01-07-2021) | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം<br>Written By: Suresh Babu B (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-4 |
| 13 | പദ്ധതി ഫണ്ട് ചെലവുകൾ-വാർഷിക ധനകാര്യപത്രികയിലെയും ഗ്രാന്റ് വിനിയോഗ പത്രികയിലെയും ചെലവ് തുകകളിൽ വ്യത്യാസം | 1-4-01 |

| | | |
|---|---|---|
| | നിലനിൽക്കുന്നു<br>Written By: Suresh Babu B (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | |
| 14 | ബ്ലോക്ക് ഷെയർ കാപ്പിറ്റൽ വരവ് ചെലവഴിച്ചിട്ടില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-4-02 |
| 15 | ജില്ലാ വിഹിതം റവന്യൂ വരവ് ചെലവഴിച്ചിട്ടില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-4-03 |
| 16 | ബ്ലോക്ക് വിഹിതം റവന്യൂ വരവ് ചെലവഴിച്ചിട്ടില്ല<br>Written By: Suresh Babu B (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-4-04 |
| 17 | പദ്ധതി അവലോകനം<br>Written By: Rekha C S (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി<br>Written By: Suresh Babu B (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-6 |
| 19 | ക്ഷേമപദ്ധതികൾ<br>Written By: Rekha C S (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-7 |
| 20 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Arya Krishnan A.R (Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 01-07-2021) | 1-8 |
| 21 | ആഭ്യന്തരനിയന്ത്രണം<br>Written By: Rekha C S (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Swapna R K (Asst. Audit Officer, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-10 |
| 23 | ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടില്ല.<br>Written By: Arya Krishnan A.R (Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-11 |
| 24 | സ്റ്റോക്ക് രജിസ്റ്റർ, റിക്കവറി രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല<br>Written By: Arya Krishnan A.R (Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 01-07-2021) | 1-12 |
| 25 | നടപടികൾ സ്വീകരിക്കാത്ത മുൻ റിപ്പോർട്ട് പരാമർശങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 01-07-2021) | 1-13 |
| 26 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി ലഭ്യമാക്കിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-14 |
| 27 | റേഷൻകടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Arya Krishnan A.R (Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 01-07-2021) | 1-15 |
| 28 | വസ്തു നികുതി നിർണയം-സഞ്ചയ സോഫ്റ്റ് വെയർ പ്രവർത്തനം- അപാകതകൾ<br>Written By: Merlin Jacob (Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 01-07-2021) | 1-16 |
| 29 | പെർമിറ്റ് അപേക്ഷ രജിസ്റ്റർ- അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-17 |
| 30 | തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകതകൾ | 1-18 |

| | | |
|---|---|---|
| | Written By: Merlin Jacob (Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | |
| 31 | ആരോഗ്യരംഗം (ആയുർവേദം)- പ്രോജക്ട് നടത്തിപ്പിന്റെ - ചെലവുരേഖാപരിപാലനത്തിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-19 |
| 32 | വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം- വിതരണം ചെയ്യാത്ത സബ്സിഡി തുക ബാങ്കിൽ നിന്ന് തിരികെവാങ്ങേണ്ടതാണ്.<br>Written By: Swapna R K (Asst. Audit Officer, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-20 |
| 33 | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല - 1720565 /-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Rekha C S (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-21 |
| 34 | ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല - 95450/-രൂപ തടസ്സം<br>Written By: Rekha C S (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-22 |
| 35 | കരകുളം ഗ്രാമപഞ്ചായത്തിന്റെ ഖരമാലിന്യ നിർമ്മാർജ്ജന പ്ളാന്റ് - പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല - 156821/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Rekha C S (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-23 |
| 36 | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല - 704607/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Rekha C S (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-24 |
| 37 | ആരോഗ്യരംഗം, (പി എച്ച്സി/സി എച്ച് സി)- പദ്ധതികൾ - ചെലവുരേഖാപരിപാലനത്തിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-25 |
| 38 | ക്ഷീരവികസനം- പദ്ധതികൾ- ചെലവുരേഖാപരിപാലനത്തിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-26 |
| 39 | വൗച്ചർ പരിശോധന- കണ്ടെത്തിയ അപാകതകൾ<br>Written By: Merlin Jacob (Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-27 |
| 40 | തെരുവ് വിളക്കുകളുടെ പരിപാലനവും പ്രകാശിപ്പിക്കലും -രേഖകൾ ലഭ്യമായില്ല -201990/- രൂപ തടസ്സം<br>Written By: Rekha C S (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-28 |
| 41 | ഉദ്പാദന മേഖലക്കായുള്ള ഫണ്ട് വകയുരുത്തലുകൾ പൂർണമായി വിനിയോഗിച്ചിട്ടില്ല.<br>Written By: Swapna R K (Asst. Audit Officer, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-29 |

| | | |
|---|---|---|
| 42 | കരകുളം പഞ്ചായത്തിനും കരകുളം പി.എച്ച.സിയ്ക്കും ഐ).എസ്.ഒ 9001-2015 സർട്ടിഫിക്കേഷൻ - രേഖകൾ ഹാജരാക്കിയില്ല - 51600/-രൂപ തടസ്സം<br>Written By: Rekha C S (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-30 |
| 43 | ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല – 1009923/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Rekha C S (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-31 |
| 44 | ഏറ്റെടുത്ത സ്പിൽ ഓവർപ്രോജക്ടുകൾ ഉപേക്ഷിച്ചു.പദ്ധതി ഏറ്റെടുക്കുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Suresh Babu B (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-32 |
| 45 | MGNREGS പദ്ധതിയുടെ വിശദാംശങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-33 |
| 46 | MGNREGS – ന്റെ പ്രവർത്തനം അവലോകനം<br>Written By: Arya Krishnan A.R (Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-33-1 |
| 47 | എണിക്കര മാർക്കറ്റ്- ലേലത്തുക പൂർണമായും അടവാക്കിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-34 |
| 48 | പഠനമുറി നിർമ്മാണം-എസ്.സി.പി(.പദ്ധതി നം 70/20 )- മുഴുവൻ ഗുണഭോക്താക്കളും പദ്ധതി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-35 |
| 49 | പ്രവൃത്തിപൂർത്തീകരണകാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Swapna R K (Asst. Audit Officer, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 01-07-2021) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Swapna R K (Asst. Audit Officer, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 4-2 |
| 3 | മൊബലൈസേഷൻ അഡ്വാൻസ്<br>Written By: Swapna R K (Asst. Audit Officer, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 01-07-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Swapna R K (Asst. Audit Officer, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 01-07-2021) | 4-4 |
| 5 | സ്ഥിരം നിക്ഷേപം | 4-5 |

| | | |
|---|---|---|
| | Written By: Swapna R K (Asst. Audit Officer, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 01-07-2021) | |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Swapna R K (Asst. Audit Officer, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 4-6 |
| 7 | സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Swapna R K (Asst. Audit Officer, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 01-07-2021) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികൾ<br>Written By: Swapna R K (Asst. Audit Officer, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 01-07-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Swapna R K (Asst. Audit Officer, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 02-07-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Swapna R K (Asst. Audit Officer, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 01-07-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

കരകുളം ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 28/02/2020-ലെ 3-ാം നമ്പർ തീരുമാന പ്രകാരം പാസ്സാക്കിയിട്ടുണ്ട്. ഇത് പ്രകാരം വരവ് (പ്രാരംഭ ബാക്കി ഉൾപ്പെടെ) 65,85,46,560.65/- രൂപയും ചെലവ് 64,56,25,468/- രൂപയും നീക്കിയിരിപ്പ് 1,29,21,092.65/- രൂപയും ആണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 15.5.2021 | | |

വാർഷിക ധനകാര്യപത്രികാ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-2-01 MGNREGS അഡ്വിൻ വരവ്, ചെലവ് എന്നിവ എഫ്.എസ്സ്, ക്യാഷ്ബുക്ക്എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

MGNREGS അഡ്വിൻ വരവ്, ചെലവ് എന്നിവ എ.എഫ്.എസ്സ്.പ്രകാരം യഥാക്രമം 1912339/-ഉം 1609974/-ഉം ആണ്. എന്നാൽ ക്യാഷ്ബുക്ക് പ്രകാരം ഇവ യഥാക്രമം 1911339/-ഉം 1608974/-ഉം ആണ്. ഈ തുകകളിൽ 1000/-രൂപ വ്യത്യാസം നിലനിൽക്കുന്നു. വ്യത്യാസം വിശദീകരിച്ച് പൊരുത്തപ്പെടുത്തേണ്ടതാണ്.

### 1-2-02 ഡെപ്പോസിറ്റ് ഇനങ്ങൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.

ചുവടെ സൂചിപ്പിക്കുന്ന ഡെപ്പോസിറ്റ് ഇനങ്ങൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല

| ഡെപ്പോസിറ്റ് ഇനം | അക്കൗണ്ട് ഹെഡ് | 2018-19-ലെ നീക്കിയിരിപ്പ് | 2019-20-ലെ നീക്കിയിരിപ്പ് |
|---|---|---|---|
| Suppliers Security Deposit | 340100202 | 12245/- | 12245/- |
| Other Deposits | 340109901 | 20494/- | 20494/- |
| Library Deposits | 340200105 | 500/- | 500/- |
| Deposit Received From Staffs | 340300101 | 6810/- | 6810/- |

ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.ഡെപ്പോസിറ്റ് ഇനങ്ങൾ ക്രമീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-2-03 ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ അപൂർണ്ണം

എ. Bidders EMD ഇനത്തിൽ നീക്കിയിരിപ്പ് ഉൾപ്പെടെ തൻവർഷം 83280/-രൂപ വരവ് കാണുന്നു. 31330/-രൂപ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ വീണ്ടും 167950/- രൂപ ബാലൻസ് കാണുന്നു ഇവ പരസ്പരം പൊരുത്തപ്പെടുന്നില്ല.

ബി.വാർഷിക ധനകാര്യപത്രിക പ്രകാരം ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് വിവരങ്ങളിൽ പൊരുത്തക്കേട് നിലനിൽക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | 629316 | മുൻവർഷ B-7 |
| തൻവർഷം സ്വീകരിച്ചത് | 496221 | തൻവർഷ-RP-34 |
| ആകെ | 1125537 | |
| തൻവർഷം തിരികെ നൽകിയത്/കണ്ടുകെട്ടിയത് | 313814 | തൻവർഷ-RP34 |
| നീക്കിയിരിപ്പ് | 810723 | തൻവർഷ-B-7 |

രജിസ്റ്ററിൽ ചേർത്തിരിക്കുന്ന വിവരങ്ങൾ പൂർണമല്ലാത്തതിനാൽ ഇവയുടെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കി സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

## 1-2-04 KURDFC ലോൺ വരവ്,നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യപത്രിക പ്രകാരം KURDFC ലോൺ വരവ് മുൻവർഷ നീക്കിയിരിപ്പ് ഉൾപ്പെടെ 51800000/-ആണ്. സെക്രട്ടറിയുടെ നിർവഹിച്ച പദ്ധതികൾ പ്രകാരം ആകെ 3573529/-തൻവർഷം തിരിച്ചടവ് കാണുന്നു. ആയതിൻ പ്രകാരം ഇനി അടവാക്കേണ്ട തുക 48226471/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ 49853236/-രൂപ അടവാക്കാനുള്ളതായി കാണുന്നു. ഇതിൽ 1626765/-രൂപ വ്യത്യാസം ഉണ്ട്. ലോൺ രജിസ്റ്ററിൽ വിവരങ്ങൾ അപൂർണ്ണമാണ്. വ്യത്യാസം ക്രമപ്പെടുത്തേണ്ടതാണ്.

## 1-2-05 ബാലൻസ് ഷീറ്റ് B-18 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ തുക ബാക്കിനിൽക്കുന്നു.

ബാലൻസ് ഷീറ്റ് B-18 പ്രകാരം കേരളാ വാട്ടർ അതോരിറ്റിയിൽ 2987625/-രൂപയും അനർട്ടിൽ 880000/- രൂപയും ചെലവഴിക്കാൻ ബാക്കി നിൽക്കുന്നു. 2018-19ലെ വാർഷിക ധനകാര്യപത്രികയിലും ഇവ ചെലവഴിക്കാൻ ബാക്കിയുള്ളതായി ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. ടി തുകകൾ ഏത് പദ്ധതിക്ക്/പദ്ധതികൾക്ക് വേണ്ടി ഡെപ്പോസിറ്റ് ചെയ്തുവയാണെന്നും, ഇവയുടെ നിലവിലെ അവസ്ഥ എന്താണെന്നും ഇവയിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണും അന്വേഷിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം 14) ക്ക് ലഭ്യമായ മറുപടി പ്രകാരം ഇവ 2020-21 ൽ പരിഹരിക്കുമെന്ന് അറിയിച്ചു. തുക കൈപ്പറ്റിയ സ്ഥാപനങ്ങൾ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-2-06 ഫെസ്റ്റിവൽ അഡ്വാൻസ്- വിവരങ്ങളിൽ പൊരുത്തക്കേട് നിലനിൽക്കുന്നു.

വാർഷിക ധനകാര്യപത്രിക പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 9000/-രൂപ തിരികെ ലഭിക്കുവാനുണ്ടായിരുന്നു. തൻവർഷം 214000/-രൂപ അഡ്വാൻസ് നൽകിയതായി കാണുന്നു. 18000/-രൂപ ക്രമീകരിച്ചതായും കാണുന്നു. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം ഇനി 3000/- രൂപ മാത്രമാണ് ക്രമീകരിക്കാൻ ബാക്കിയുള്ളതായി കാണിച്ചിരിക്കുന്നത്. ഈ വിവരങ്ങൾ പരസ്പരം പൊരുത്തപ്പെടുന്നില്ല. രജിസിറ്ററിലെ വിവരങ്ങൾ അപൂർണ്ണമായതിനാൽ ആധികാരികമല്ല. ഈ വിവരം ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി (എൻക്വയറി നം 14) നൽകിയിരുന്നു. ആയതിന് വിശദീകരണം നൽകേണ്ടതും, രജിസ്റ്ററുകൾ കൃത്യമായി എഴുതി പരിപാലിക്കേണ്ടതും ആണ്.

## 1-2-07 വരവിനങ്ങൾ ഡിമാന്റിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

Income And Expenditure Schedule I-18 പ്രകാരം Property Tax On Residential Buildings-ൽ 269438/-രൂപ പോസിറ്റീവ് ഫിഗർ കാണിച്ചിരിക്കുന്നു. ഇവ ഡിമാന്റിൽ നിന്നും ഒഴിവാക്കിയതിന്റെ ഭരണസമിതി തീരുമാനം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 14) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-2-08 Income And Expenditure Schedule പ്രകാരം സ്ഥാപനം നഷ്ടത്തിൽ പ്രവർത്തിക്കുന്നു

Income And Expenditure Schedule പ്രകാരം ആകെ വരവ് 185738026/-രൂപയും ആകെ ചെലവ് 188858260/-രൂപയും ആണ്. ഇതിൻ പ്രകാരം സ്ഥാപനം തൻവർഷം 3120234/-രൂപ Deficit ആയി പ്രവർത്തിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 53682077 |
| ഓഡിറ്റ് വർഷത്തെ വരവ് | 125223129 |
| ആകെ | 178905206 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 129652390 |
| നീക്കിയിരിപ്പ് | 49252816 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 24542841 | 24542841 | 23185036 | 1357805 |
| വികസന ഫണ്ട് (SCP) | 0 | 11781824 | 11781824 | 6377499 | 5404325 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (TSP) | 0 | 425294 | 425294 | 0 | 425294 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Basic Grant) | 0 | 22057437 | 22057437 | 6508973 | 15548464 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant) | 0 | 2234700 | 2234700 | 0 | 2234700 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 16890000 | 16890000 | 4957182 | 11932818 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 7308000 | 7308000 | 4322869 | 2985131 |

മറ്റ് ഫണ്ടുകൾ

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്. |
|---|---|---|---|---|---|
| MNREGS | 28531 | 1912339 | 1940870 | 1609974 | 330896 |
| ICDS | 1629446 | 1195407 | 2824853 | 1465323 | 1359530 |
| Literacy Scheme Grant | 3535 | 122 | 3667 | 0 | 3667 |
| Grant From Suthithwa Mission | 2060264 | 230000 | 2290264 | 1356660 | 933604 |
| Total Sanitation | 1684540 | 0 | 1684540 | 1684540 | 0 |
| Grant-Other Govt Agencies | 485293 | 24097062 | 24582355 | 24582355 | 0 |
| Block Share-Capital Expenditure | 500000 | 0 | 500000 | 0 | 500000 |
| Block Share-Revenue Expenditure | 812240 | 5037018 | 5849258 | 3978924 | 1870334 |
| District Share-Revenue Expenditure | 3400 | 0 | 3400 | 0 | 3400 |
| Beneficiary Contribution | 222905 | 337422 | 560327 | 336545 | 223782 |
| Donations To Flood | 37248 | 0 | 37248 | 37248 | 0 |

ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

## 1-4-01 പദ്ധതി ഫണ്ട് ചെലവുകൾ-വാർഷിക ധനകാര്യപത്രികയിലെയും ഗ്രാന്റ് വിനിയോഗ പത്രികയിലെയും ചെലവ് തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു

പദ്ധതി ഫണ്ട് ചെലവുകൾ-വാർഷിക ധനകാര്യപത്രികയിലെയും ഗ്രാന്റ് വിനിയോഗ പത്രികയിലെയും ചെലവ് തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു. വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് ഇനം | ഗ്രാന്റ് പത്രിക പ്രകാരമുള്ള ചെലവ് | എ.എഫ്.എസ്സ്.ACR (RP-7)പ്രകാരമുള്ള ചെലവ്. |
|---|---|---|
| വികസന ഫണ്ട്-ജനറൽ | 27495289 | 23185036 |
| വികസന ഫണ്ട് (SCP) | 6568675 | 6377499 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| വികസന ഫണ്ട് (TSP) | 14706 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6508973 | 6508973 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 4957182 | 4957182 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 4322869 | 4322869 |

## 1-4-02 ബ്ലോക്ക് ഷെയർ കാപ്പിറ്റൽ വരവ് ചെലവഴിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് ഷെയർ കാപ്പിറ്റൽ (320700104) ചെലവിൽ 2018-19 ൽ 500000/-രൂപ ചെലവഴിക്കാൻ ബാക്കിയുണ്ടായിരുന്നു. ടി തുക തൻവർഷവും ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു. ഇത് ഏത് ആവശ്യത്തിനായി ഏത് സാമ്പത്തിക വർഷം ലഭിച്ച തുകയാണ് എന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ടി തുക നൽകിയ ഏജൻസിക്ക് തിരികെ നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4-03 ജില്ലാ വിഹിതം റവന്യൂ വരവ് ചെലവഴിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ജില്ലാ വിഹിതം റവന്യൂചെലവിൽ (320700205) 2018-19 ലെ നീക്കിയിരിപ്പ് തുകയായ 3400/- രൂപ തൻവർഷവും ചെലവഴിക്കാതെ നിലനിൽക്കുന്നു. ഇത് ഏത് ആവശ്യത്തിനായി ഏത് സാമ്പത്തിക വർഷം ലഭിച്ച തുകയാണ് എന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ടി തുക നൽകിയ ഏജൻസിക്ക് തിരികെ നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4-04 ബ്ലോക്ക് വിഹിതം റവന്യൂ വരവ് ചെലവഴിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് B4 ഷെഡ്യൂളിലെ ബ്ലോക്ക് വിഹിതം റവന്യൂ ചെലവിൽ (320700204) 2018-19 സാമ്പത്തിക വർഷം 812240/-രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു. 2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം 5037018/-രൂപ വരവും 1870334/-രൂപ നീക്കിയിരിപ്പും ഉണ്ട്. നീക്കിയിരിപ്പുള്ള ടി തുക നൽകിയ ഏജൻസിക്ക് തിരികെ നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 252 | 226780593 | 143 | 104221606 | 0 | 109 | 50.9% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷം പഞ്ചായത്ത് നടപ്പാക്കിയ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (അക്കൗണ്ട്സ് പ്രകാരമുള്ളത്)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 28531 | 1912339 | 1940870 | 1609974 | 330896 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 28177913 | 28177913 | 28177913 | 0 |
| ആകെ | 28531 | 30090252 | 300118783 | 29787887 | 330896 |

## 1-7 ക്ഷേമപദ്ധതികൾ

വിവിധ ക്ഷേമപദ്ധതികൾക്കായി ഓഡിറ്റ് വർഷം ചെലവാക്കിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 374040 | 395 |
| കർഷകതൊഴിലാളി പെൻഷൻ | 1471800 | 504 |
| വിധവ പെൻഷൻ | 13622400 | 4572 |
| വാർദ്ധക്യകാല പെൻഷൻ | 21079500 | 6964 |
| വികലാംഗ പെൻഷൻ | 3281900 | 1085 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 300000 | 10 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 577200 | 196 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28/06/2021, 11.20 AM- ന് പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10392/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഭരണപരമായ നയങ്ങളുടെ പരിപാലനം നടപടിക്രമങ്ങൾ ,കടമകൾ എന്നിവ നിറവേറ്റുന്നതിൽ പഞ്ചായത്ത് ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. സുതാര്യമായ ധനകാര്യമാനേജ്മെന്റ്, ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, എന്നിവ ഉറപ്പാക്കുന്നതിന് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. രജിസ്റ്ററുകൾ വിവരശേഖരണ സംവിധാനങ്ങൾ എന്നിവയുടെ കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി കൃത്യത പുലർത്തേണ്ടതുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ചുള്ള രജിസ്റ്ററുകളും(സ്റ്റോക്ക് ഇൻ, സ്റ്റോക്ക് ഔട്ട്, മെയിന്റനൻസ് ) രേഖകളും ഹാജരാക്കാത്തതിനാൽ തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമായി നടക്കുന്നോ എന്നത് പരിശോധിക്കാനായിട്ടില്ല. നികുതി നികുതിയതര വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്. വരവ് നിർണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ പരിഹരിക്കപ്പെടേണ്ടതാണ്. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി ഡി&ഒ ലൈസൻസ് തുകകൾ കൃത്യമായി ഈടാക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു. കെട്ടിട നിർമ്മാണവും വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണത്തിൽ അപാകങ്ങളുണ്ട്. വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ, സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ തമ്മിൽ പൊരുത്തമില്ല. തനതുവരുമാന സംഭരണം, പദ്ധതിപ്പണം ചെലവാക്കൽ എന്നിവയിൽ നിരീക്ഷിച്ചിട്ടുള്ള അപാകങ്ങൾ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജീവനക്കാരുടെ ജോലി വിഭജനം ഓഫീസ് ഓർഡർ മുഖേന കൃത്യമായി നിർണ്ണയിക്കുകയും വിലയിരുത്തപ്പെടുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം,റെക്കോർഡ്റൂംപരിപാലനം എന്നിവ തൃപ്തികരമാണ്. പൊതുവായ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെട്ടതാണെന്ന് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02/2021 | 12/2020 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20/02/2020-05/03/2020 | 2014-15 മുതൽ 2018-19 വരെ | 13.05.2020 |

## 1-11 ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളുടെ കാര്യക്ഷമമായ സംരക്ഷണത്തിനും അവ സുതാര്യമായി കയ്യൊഴിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിവരിക്കുന്ന അസറ്റ് മാനേജ്മെന്റ് മാനുവൽ, സ.ഉ.(ആർടി) നം.166/17/തസ്വഭവ തീയതി പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 08.11.2018- ലെ പഞ്ചായത്ത് ഡയറക്ടറുടെ സി 2- 15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൺവീനറും, പ്രസിഡന്റ് /വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിൻറെ മിനിറ്റ്സ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/24.06.2021) നൽകിയ മറുപടിയിൽ ആസ്തി പരിപാലന കമ്മിറ്റി നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. എ.എം.എം.സി രൂപീകരണത്തിന് വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 സ്റ്റോക്ക് രജിസ്റ്റർ, റിക്കവറി രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല

2019-2020 സാമ്പത്തിക വർഷത്തെ സ്റ്റോക്ക് രജിസ്റ്റർ, റിക്കവറി രജിസ്റ്റർ എന്നിവ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.03/22.06.2021 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ആയതിനാൽ ഈ രജിസ്റ്ററുകളുടെ കൃത്യത, പരിപാലനം എന്നിവ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-13 നടപടികൾ സ്വീകരിക്കാത്ത മുൻ റിപ്പോർട്ട് പരാമർശങ്ങൾ

2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് പഞ്ചായത്ത് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ടിലെ നിലനിൽക്കുന്ന പരാമർശങ്ങളുടെ നിലവിലെ സ്ഥിതിയും തുടർ നടപടി വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-04/22.06.2021) മറുപടിയായി 03/07/2020-നാണ് പഞ്ചായത്തിൽ റിപ്പോർട്ട് ലഭ്യമായതെന്നും കോവിഡ് പ്രതികൂല സാഹചര്യവും പഞ്ചായത്ത് തെരഞ്ഞെടുപ്പും കാരണം സമയബന്ധിതമായി മറുപടി ലഭ്യമാക്കുവാൻ സാധിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ഈ ഓഡിറ്റ് റിപ്പോർട്ട് അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ വച്ച് ചർച്ച ചെയ്യുന്നതിനും പകർപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകി റിപ്പോർട്ട് ലഭ്യമാക്കി മറുപടി എത്രയും പെട്ടെന്ന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി ലഭ്യമാക്കിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ, ചട്ടം 5 പ്രകാരം ഏതൊരു വ്യാപാര സ്ഥാപനവും ആരംഭിക്കുന്നതിന് മുൻപ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഒരോ വർഷവും പുതുക്കേണ്ടതുമാണ്. GO(P)No.80/2017/LSGD യുടെ അടിസ്ഥാനത്തിൽ മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ലൈസൻസ് ഫീ ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (ട്രേഡേഴ്സ് ലിസ്റ്റ്) ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.29/28.06.2021 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി മേൽ വിഷയത്തിലേയ്ക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 റേഷൻകടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ കരകുളം ഗ്രാമ പഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറി 02/22.06.2021-ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാനുള്ള തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-16 വസ്തു നികുതി നിർണയം-സഞ്ചയ സോഫ്റ്റ് വെയർ പ്രവർത്തനം- അപാകതകൾ

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 പ്രകാരം 2019-2020 സാമ്പത്തികവർഷം വസ്തുനികുതി ഈടാക്കിയതിനെ സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിരിക്കുന്നു.

1. ചട്ടം 13 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ(ഫോറം 8) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല,

2. സ.ഉ (കൈ) നം.106/2017/ തസ്വഭവ തീയതി 26/05/2017 പ്രകാരം നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയ വിമുക്തഭടന്മാരുടെ വീടുകൾക്ക് ഓരോ വർഷവും മാർച്ച്31 ന മുമ്പ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. 2019-2020 സാമ്പത്തിക വർഷം ഇപ്രകാരം സമർപ്പിച്ച സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. വസ്തു നികുതി നിർണ്ണയത്തിന് മേൽക്കൂരയുടെ തരം, തറയുടെ തരം , കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യത ഉറപ്പാക്കുന്നതിന് ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 മാന്വലായി രേഖപ്പെടുത്തി അംഗീകരിച്ച് സൂക്ഷിക്കുന്നില്ല.ഇതുമൂലം ഇളവുകൾ/വർദ്ധനവുകൾ നൽകിയിട്ടുള്ളത് വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് പരിശോധിക്കുവാൻ കഴിയുന്നില്ല. 2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സർചാർജ്ജും ചട്ടങ്ങൾ 6 ന്റെ അടിസ്ഥാനത്തിലുള്ള ഇളവുകളും വർദ്ധനവുകളും എന്നതിൽ ആനുകൂല്യങ്ങൾ ക്രമപ്രകാരമാണോ നൽകിയിട്ടുള്ളതെന്ന് നിർണയിക്കാൻ കഴിയുന്നില്ല.

4. സഞ്ചയയിലെ വസ്തു നികുതി ഡി.സി.ബി പത്രികകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 11/25.06.2021 ന മറുപടി നൽകിയില്ല.

## 1-17 പെർമിറ്റ് അപേക്ഷ രജിസ്റ്റർ- അപാകതകൾ

പെർമിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1. പെർമിറ്റ് അനുവദിച്ചത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കറണ്ട് നമ്പർ & തീയതി | അപേക്ഷകന്റെ പേര് | ഡോർ നമ്പർ | വിനിയോഗ ഗണം | ഫ്ലോർ ഏരിയ | പെർമിറ്റ് നമ്പർ |
|---|---|---|---|---|---|---|
| 1 | 3060 Dtd 02/04/2019 | പ്രദീപ് കുമാർ | 687/7-1 | റസിഡൻഷ്യൻ | - | B2.BA(77323) Dtd 16/04/2019 |
| 2 | 6188 Dtd 28/06/2019 | ഡേവിഡ് രാജ് | 410/12-1 | റസിഡൻഷ്യൻ | 351.468 | 182955 Dtd 04/07/2019 |
| 3 | 6617 Dtd 05/07/2019 | ഹരി ഹരൻ | 106/20, 106/5-2 | ഡവലപ്മെന്റ് പെർമിറ്റ് | 0.27 | B2.BA(207404).2019 |
| 4 | 7394 Dtd 18/07/2019 | നാസീം എം എസ് | 38/28-1 | റസിഡൻഷ്യൻ | 1.63 | B2.BA(219894).2019 |
| 5 | 8709 Dtd 16/08/2019 | അജിത് ബി എസ് | 370/53-1, 370/5 | റസിഡൻഷ്യൻ | 0.99 | 253791 Dtd 06/09/2019 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 06/25.06.2021 പ്രസ്തുത അപാകത വരുംവർഷങ്ങളിൽ പരിഹരിക്കുന്നതാണെന്ന മറുപടി നൽകി.

രജിസ്റ്ററുകൾ കാലികമായും കൃത്യമായ ഇടവേളകളിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിലും സെക്രട്ടറിയും സ്റ്റാൻഡിംഗ് കമ്മറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

2. സർക്കാർ ഉത്തരവ് നം. (എം,എസ്)170/2016 തസ്വഭവ തീയതി 16.11.2016ലെ ഉത്തരവ് (3) പ്രകാരം UA നമ്പർ നൽകുന്ന വീടുകളുടെ പൂർണ്ണ വിവരം നിർമ്മാണത്തിന്റെ സ്റ്റേജ് വ്യക്തമായി മനസ്സിലാക്കുന്ന വിധം ഫോട്ടോയെടുത്ത് പഞ്ചായത്ത് അധികൃതർ ഒരു രജിസ്റ്ററിൽ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ പരിപാലിക്കപ്പെടുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 06/25.06.2021 പ്രസ്തുത രജിസ്റ്റർ ഇനിമേൽ സൂക്ഷിക്കുന്നതാണെന്ന മറുപടി നൽകി.

സമയബന്ധിതമായി സേവനങ്ങൾ പൊതുജനങ്ങൾക്കു ലഭ്യമാകുവാനും സേവനങ്ങളുടെ ഗുണനിലവാരവും കൃത്യതയും ഉറപ്പുവരുത്തുവാന്, സർക്കാർ ഉത്തരവുകളിലൂടെ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ സെക്രട്ടറിയും സ്റ്റാൻഡിംഗ് കമ്മറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

3. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരം അപേക്ഷ സ്വീകരിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ രേഖാമൂലം പെർമ്മിറ്റ് അംഗീകരിക്കുകയോ നിരസിച്ച വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണ്.

എന്നാൽ ലഭ്യമാക്കിയ പെർമ്മിറ്റ് അപേക്ഷാ രജിസ്റ്റർ പ്രകാരം താമസിച്ച് നൽകിയ അപേക്ഷകളിൽ പ്രസ്തുത അപേക്ഷകൾ നൽകുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണംസെക്രട്ടറി സാക്ഷ്യപ്പെടുത്തി രേഖപ്പെടുത്തിയിട്ടിയില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കറണ്ട് നമ്പർ & തീയതി | അപേക്ഷകന്റെ പേര് | ഡോർ നമ്പർ | വിനിയോഗ ഗണം | ഫ്ലോർ ഏരിയ | പെർമിറ്റ് നമ്പർ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 33321 Dtd 20/03/2020 | ലതാകുമാരി | 700-7-1 | കൊമേഴ്സ്യൽ | 17.32 | B2 929/2020 Dtd 11/05/2020 |
| 2 | 1922 Dtd 18/02/2020 | സന്തോഷ് കുമാർ | 449/2 | റസിഡൻഷ്യൻ | 210.78 | B2 870/2020 Dtd 16/08/2020 |
| 3 | 1752 Dtd 14/02/2020 | വസന്ത കുമാരി | 270/24 | റസിഡൻഷ്യൻ | 46.44 | B2 857/2020 Dtd 24/05/2020 |
| 4 | 1015 Dtd 28/01/2020 | സുലോചന ഹെലൻ | 40/7-1, 40/6 | റസിഡൻഷ്യൻ | 149.9630 | B2 816/2020 Dtd 25/05/2020 |
| 5 | 457 Dtd 17/01/2020 | രത്നാകരൻ | ലഭ്യമല്ല | റസിഡൻഷ്യൻ | ലഭ്യമല്ല | B2 774/2020 Dtd 02/06/2020 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 06/25.06.2021 പ്രസ്തുത അപാകത വരുവർഷങ്ങളിൽ പരിഹരിക്കുന്നതാണെന്ന മറുപടി നൽകി.

## 1-18 തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകതകൾ

2019-2020 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഈടാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ രജിസ്റ്ററുകൾ, ഫോറങ്ങൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയിരിക്കുന്നു

1. തൊഴിൽ നികുതി പത്രിക നിർദ്ദിഷ്ട മാതൃകയിൽ സമർപ്പിച്ചിട്ടില്ല.
1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 14,16 പ്രകാരം ഫാറം നമ്പർ II മാതൃകയിലുള്ള പത്രികയിൽ വേണം സ്ഥാപനങ്ങൾ പത്രികകൾ സമർപ്പിക്കേണ്ടത്. അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായിട്ടില്ല. എന്നാൽ 2019-2020 സാമ്പത്തിക വർഷം എല്ലാ സ്ഥാപനങ്ങളും ഇപ്രകാരം പത്രിക സമർപ്പിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | പത്രിക സമർപ്പിക്കാത്ത അർദ്ധ വർഷങ്ങൾ |
|---|---|
| എഫ്. എച്ച്.സി, കരകുളം | 1,2 |
| വട്ടപ്പാറ പോസ്റ്റ് ഓഫീസ് | 1,2 |

പ്രസ്തുത അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് നം.02/2021 ഫോറം നമ്പർ II മാതൃകയിലുള്ള പത്രികയിൽ അപേക്ഷ സമർപ്പിക്കാൻ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതാണെന്ന മറുപടി നൽകി.
തൊഴിൽ നികുതി ഈടാക്കുന്നതിലും കൃത്യത ഉറപ്പുവരുത്താൻ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.
2. തൊഴിൽ നികുതി- രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.
നികുതി ചുമത്താവുന്ന സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേര് വിവരങ്ങൾ അടങ്ങിയ അസ്സസ്മെന്റ് രജിസ്റ്റർ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ തൊഴിൽ നികുതി ഈടാക്കാനുള്ള മുഴുവൻ സ്ഥാപനങ്ങളും വ്യാപാരികളും കമ്പനികളും വ്യക്തികളും ഉൾപ്പെട്ട ഡിമാന്റ് രജിസ്റ്റർ, മുൻവർഷങ്ങളിൽ പിരിച്ചെടുക്കാതെ ബാക്കിയായ നികുതി കുടിശ്ശിക ഉൾപ്പെട്ട കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ 1996-ലെ കേരള പഞ്ചായത്തീരാജ് (നികുതി ചുമത്തലും അപ്പീലും) ചട്ടങ്ങൾ 5 പ്രകാരം സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഈ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളും വ്യക്തികളും മാത്രം ഉൾപ്പെട്ടതാണ്. അസ്സസ്മെന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.02/2021) ഈ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-19 ആരോഗ്യരംഗം (ആയുർവേദം)- പ്രോജക്ട് നടത്തിപ്പിന്റെ - ചെലവുരേഖാപരിപാലനത്തിലെ അപാകതകൾ

2019-2020 വർഷത്തെ മെഡിക്കൽ ഓഫീസർ,ആയുർവേദം നിർവഹിച്ച പദ്ധതികൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1. 2019-2020 വർഷ പദ്ധതികളുടെ നടത്തിപ്പിന്റെ ഫലപ്രാപ്തി വിലയിരുത്തുന്നതിന് പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. പ്രൊജക്ട് നമ്പർ 10,11,12,13,14,17 എന്നിവ പ്രകാരം വാങ്ങുന്നതിന് ആവശ്യമായ മരുന്നുകളുടെ ആവശ്യകതാ നിർണ്ണയം നടപ്പിലാക്കിയതെപ്രകാരമാണെന്ന അനുബന്ധ രേഖകളോടൊപ്പം ഹാജരാക്കിയിട്ടില്ല. പ്രസ്തുത പ്രോജക്ടുകൾക്ക് ആവശ്യമായ മരുന്നുകൾ ആവശ്യപ്പെട്ടുകൊണ്ട് ഔഷധിയ്ക്ക് അയച്ച കത്തിന്റെ പകർപ്പ്, ഇന്റന്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

ആയതിനാൽ പ്രസ്തുത പ്രോജക്ടിനു മരുന്നുകൾ തിരെഞ്ഞെടുത്തത് ആവശ്യകതയുടെ അടിസ്ഥാനത്തിലാണോയെന്നും ലഭ്യമായ മരുന്നുകൾ ഇന്റന്റ് പ്രകാരം തന്നെയുള്ള മരുന്നുകൾ ആണോയെന്നും പരിശോധിക്കാനായിട്ടില്ല.

3. പ്രോജക്ട് നമ്പർ 17/20- സ്ത്രീകൾക്ക് യോഗാപരിശീലനത്തിന് പൊതുവിഹിതമായി ലഭ്യമായ 200000/- രൂപയിൽ 70000/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. അതായത് പദ്ധതി വിഹിതത്തിന്റെ 35 % മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഇപ്രകാരം പദ്ധതികൾ നടത്തിപ്പിലും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ആരോഗ്യസ്റ്റാൻഡിംഗ് കമ്മറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും ശ്രദ്ധ ചെലുത്തേണ്ടതാണ്. ആരോഗ്യസ്റ്റാൻഡിംഗ് കമ്മറ്റി കൃത്യമായ ഇടവേളകളിൽ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

4. പ്രൊജക്ട് നമ്പർ 10,11,12,13,14,18 എന്നിവ പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് ഔഷധിയുമായി മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5. പ്രോജക്ട് നമ്പർ 11/20- കരകുളം എൻ എച്ച് എം ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിന്റെ അടങ്കൽ തുക 7 ലക്ഷം രൂപയാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരം പ്രസ്തുത തുക 20/12/2019 ന ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ ഇൻവോയ്സുകൾ പ്രകാരം ആകെ 679179/- രൂപയുടെ മരുന്നുകൾ മാത്രമേ 31/12/2019 വരെ ലഭ്യമായിട്ടുള്ളൂ. ബാക്കി തുകയായ 20821/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ലഭ്യമാക്കിയ ഇൻവോയ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നം. & തീയതി | തുക |
|---|---|---|
| 1 | 90167483 Dtd 30/06/2020 | 19448/- |
| 2 | 90158245 Dtd 24/03/2020 | 116437/- |
| 3 | 90154625 Dtd 29/02/2020 | 172571/- |
| 4 | 90155272 Dtd 29/02/2020 | 136704/- |
| 5 | 90150522 Dtd 31/01/2020 | 114133/- |
| 6 | 90146398 Dtd 31/12/2019 | 119886/- |
| ആകെ | | 679179/- |

ബാക്കി തുകയായ 20821/- രൂപയുടെ ചെലവുരേഖകൾ ഓഡിറ്റിനു ഹാജരാക്കാണ്ടേതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക നിരാകരണമായി മാറുന്നതാണ്.

6. പ്രോജക്ട് നമ്പർ 17/20 -വനിതകൾക്ക് യോഗ സെന്റർ എന്ന പദ്ധതിയെ സംബന്ധിച്ച് താഴെ പറയുന്നവയെ സംബന്ധിക്കുന്ന വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

A) പ്രസ്തുത പരിശീലന പദ്ധതിയിൽ ഗുണഭോക്താക്കളെ തിരെഞ്ഞെടുത്ത വിധം, പ്രസ്തുത ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ.

B) പ്രസ്തുത പരിശീലന പദ്ധതിയുടെ ഹാജർ രജിസ്റ്റർ (പരിശീലകന്റെയും ഗുണഭോക്താക്കളുടെയും), സുലേഖ ഫോറങ്ങൾ, ചെലവു രേഖകൾ.

C) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ വിധം, സ്ഥലം, പരിശീലകനെ തിരെഞ്ഞടുത്ത നടപടികളുടെ രേഖകൾ, പരിശീലകനു നൽകിയ ഹോണറേറിയത്തിന്റെ വിശദാംശങ്ങൾ.
ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 10/25.06.2021 ന മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത രേഖകളും ചെലവുരേഖകളോടൊപ്പം ഓഡിറ്റിനു ഹാജരാക്കാണ്ടേതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക നിരാകരണമായി മാറുന്നതാണ്.

## 1-20 വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം- വിതരണം ചെയ്യാത്ത സബ്സിഡി തുക ബാങ്കിൽ നിന്ന് തിരികെവാങ്ങേണ്ടതാണ്.

വനിതകൾക്ക് സ്വയം തൊഴിൽ സംരംഭത്തിനായി വ്യക്തിഗതവും, ഗ്രൂപ്പിനും ആനുകൂല്യം നല്കുന്ന രണ്ട് പ്രോജക്ടുകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച് 2019-20 വർഷം നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്റ്റ് നം:27/2019-20,വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം

ആകെ അടങ്കൽ: 10,00,000( വി.ഫ(ജനറൽ)+10,00,000(ലോൺ)

ചെലവ് : 4.00.000

ബിൽ നം, തീയതി: 3/2019-20/17.9.2019(200000/-)

4/2019-20/11.10.2019(200000/-)

പ്രസ്തുത വ്യക്തിഗത പ്രോജക്റ്റ് പ്രകാരം ഗുണഭോക്താക്കൾക്ക് 25000/-രൂപ വായ്പയായും 25000/-രൂപ ബാക്ക് എന്റ് സബ്സിഡിയായും ആകെ 50000/- രൂപ വീതം സ്വയംതൊഴിൽ രൂപീകരണത്തിനായി ധനസഹായം നല്കുന്നു. ഇതിൻ പ്രകാരം തൻവർഷം 16 പേർക്ക് കരകുളം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 50,000/-രൂപ വായ്പ അനുവദിക്കുകയും, തുടർന്ന് 25000/- രൂപ ബാക്ക് എന്റ് സബ്സിഡിയായി ആകെ 4 ലക്ഷം രൂപ (16 X 25000) കരകുളം സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്കിന്റെ 67175751664 എന്ന അക്കൗണ്ട് നമ്പറിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുമുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ചുവടെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ബാങ്കിൽ നിന്ന് വായപ വിതരണം ചെയ്തിട്ടില്ല എന്ന് വ്യക്തമാകുന്നു.

1) ബേബി, പൈവിളക്കോണം, കല്ലയം

2)അജിതകുമാരി,രഞ്ജിത്ത് ഭവൻ, കുറവൻകോണം

3)രാധിക, രാജീഭവൻ, അയണിക്കാട്

4)വാസന്തി.എസ്, ചെക്കാലക്കോണം, കല്ലയം

5)സിന്ധു,ശാന്താ ഭവൻ, കാരമൂട്

പ്രസ്തുത ഗുണഭോക്താക്കൾ ലോൺകൈപ്പറ്റാത്തതിനാൽ സബ്സിഡി ഇനത്തിൽ പഞ്ചായത്ത് നല്കിയിട്ടുള്ള 1,25,000/-രൂപ കരകുളം സർവീസ് സഹകരണ ബാങ്കിൽ നില്ക്കുന്നു. ആയത് തിരികെ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2)പ്രോജക്റ്റ് നം:84/2019-20- വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് സബ്സിഡി

ആകെ അടങ്കൽ: 7,00,000( വി.ഫ(ജനറൽ)+700000(ലോൺ)

ചെലവ് : 525000

ബിൽ നം, തീയതി: 7/2019-20/24.10.2019(175000/-) 9/2019-20/09.03.2020(350000/-)

കുറഞ്ഞത് 5 പേർ അംഗങ്ങളായിട്ടുള്ള വനിതാഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭത്തിനായി സബ്സിഡി നല്കുന്നതിനായുള്ള പ്രസ്തുത പ്രോജക്റ്റ് പ്രകാരം സബ്സിഡിയായി 1,75,000/- രൂപയും, സഹകരണബാങ്കിൽ നിന്നുള്ള വായ്പയായി 1,75,000/-രൂപ ഉൾപ്പെടെ 3,50,000/-രൂപ ഓരോ ഗ്രൂപ്പിനും നല്കുന്നു. അപ്രകാരം നാലു ഗ്രൂപ്പുകൾക്ക് ധനസഹായം നല്കുന്നതിന് വിഭാവനം ചെയ്ത പ്രസ്തുത പ്രോജക്റ്റ് പ്രകാരം സമൃദ്ധി, തിലക, നയനം എന്നിങ്ങനെ മൂന്ന് വനിതാ സംഘങ്ങൾക്ക് സബ്സിഡി നല്കിയതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. തൻവർഷ ചെലവ് തുകയായ 5.25ലക്ഷം രൂപ സബ്സിഡി ഇനത്തിൽ കരകുളം സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്കിന്റെ 67175751664 എന്ന അക്കൗണ്ട് നമ്പറിലേക്ക്ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ തിലകം വനിതാ സംഘം അപേക്ഷ നല്കിയിട്ടുണ്ടെങ്കിലും അപ്രകാരം സബ്സിഡിയോട് കൂടി, ലോൺതുക കൈപ്പറ്റിയിട്ടില്ലെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഗ്രൂപ്പുകൾക്ക് സബ്സിഡി ഇനത്തിൽ കരകുളം സർവ്വീസ് സഹകരണ ബാങ്കിന് നല്കിയിട്ടുള്ള തുകയിൽ വിതരണം ചെയ്യാൻ അവശേഷിക്കുന്ന തുകയായ 1,75,000/- രൂപയും, വ്യക്തിഗത പ്രോജക്റ്റിനായുള്ള മേൽപ്പറഞ്ഞ തുകയായ 1,25,000/- ഉൾപ്പെടെ ആകെ 3,00,000/- രൂപ സഹകരണബാങ്കിൽ നില്ക്കുന്നു.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/23.06.2021) പ്രസ്തുത തുകകൾ തിരികെ വാങ്ങി സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക തിരികെ വാങ്ങി സർക്കാരിലേക്ക് ഒടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല - 1720565 /-രൂപ തടസ്സപ്പെടുത്തുന്നു

2019-20 വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടുന്നതിനായി 1720565 /- രൂപ കെ.എസ്.ഇ.ബിയ്ക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. & പേര് | ബിൽ നം. & തുക | ഡെപ്പോസിറ്റ് സ്വീകരിച്ച സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | പ്രോ.നം. 42/2020 | 6/19-20 തീ.28.09.19 | കെ.എസ്.ഇ.ബി. | പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, തുകയുടെ |

| | | | | |
|---|---|---|---|---|
| | കരകുളം ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടൽ | -222710/-<br>7/19-20 തീ. 28.09.19<br>-716380/-<br>8/19-20 തീ. 28.09.19<br>-708809/-<br>9/19-20 തീ. 28.09.19<br>-72216/- | | വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| | ആകെ | 1720565/- | | |

ഓഡിറ്റ് എൻക്വയറി നം- 1/22.06.2021 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുകയായ 1720565/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-22 ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല - 95450/-രൂപ തടസ്സം

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവ് വൗച്ചറുകൾ ഓഡിറ്റ് എൻക്വയറി 1,12,20 എന്നിവ പ്രകാരം ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമായില്ല.

| ക്രമ നം. | പദ്ധതിയുടെ പേര്/ പ്രോജക്റ്റ് നം. | ബിൽ നം /തീ. | തുക |
|---|---|---|---|
| 1. | 2019-20 വാർഷിക പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് (S0004/2020) | ബിൽ നം.36/11.7.2019 | 15450/-രൂപ |
| | | ബിൽ നം.377/11.2.20 | 17550/-രൂപ |
| 2. | കരകുളം ഗ്രാമപഞ്ചായത്തിലെയും ഘടകസ്ഥാപനങ്ങളിലെയും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുടെയും എ.എം.സി (S0040/2020) | ബിൽ നം. /തീ - 296/3.01.20 | 35000/-രൂപ |
| 3. | കിള്ളിയാർ സംരക്ഷണം( S0174/2020) | 15/20.06.19 | 16500/-രൂപ |
| | | 38/15.07.19 | 10950/-രൂപ |
| | ആകെ | | 95450/-രൂപ |

ആയതിനാൽ ചെലവ് തുകയായ 95450/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു. വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 കരകുളം ഗ്രാമപഞ്ചായത്തിന്റെ ഖരമാലിന്യ നിർമ്മാർജ്ജന പ്ളാന്റ് - പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല - 156821/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. - S0173/2020

പ്രോജക്റ്റിന്റെ പേര് - കരകുളം ഗ്രാമപഞ്ചായത്തിന്റെ ഖരമാലിന്യ നിർമ്മാർജ്ജന പ്ളാന്റ്

(തുമ്പൂർ മൂഴി മോഡൽ )

അടങ്കൽ തുക - 258790/-രൂപ(156822-ധനകാര്യകമ്മീഷൻ ഗ്രാന്റ്, 101968-തനത്ഫണ്ട് )

ചെലവ് തുക - 156821രൂപ (54853-ധനകാര്യകമ്മീഷൻ ഗ്രാന്റ്, 101968-തനത്ഫണ്ട് )

ബിൽ നം. /തീ - 13/19-20 തീ.23.10.2019 54853/- രൂപ(ബിൽബുക്ക് പ്രകാരം)

50/18.07.2019 101968/- രൂപ(ACR പ്രകാരം)

സ്പിൽ ഓവറായിട്ടാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2018-19 വർഷത്തിൽ 151/19 നമ്പർ പദ്ധതി പ്രകാരം വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വിഭവ ശ്രോതസ്സ് | വകയിരുത്തൽ | ചെലവഴിച്ച തുക | ബാക്കിനിൽപ്പ് |
|---|---|---|---|
| വികസനഫണ്ട്(ധനകാര്യകമ്മിഷൻ ഗ്രാന്റ്) | 694906 | 538084 | 156822 |
| തനത് ഫണ്ട് | 105094 | 3126 | 101968 |
| ആകെ | 800000 | 541210 | 258790 |

പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി ഹാബിറ്റാറ്റിനെയാണ് അക്രെഡിറ്റഡ് ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ലഭ്യമായ രേഖകൾ പ്രകാരം പഞ്ചായത്തിന്റെ 31.12.18 -ലെ ബി1/7086/16 നമ്പർ കത്ത് പ്രകാരം ഹാബിറ്റാറ്റിന് നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഹാബിറ്റാറ്റ് ആവശ്യപ്പെട്ടത് | പഞ്ചായത്ത് അടവാക്കിയ തുക | ഡിഡക്ഷൻസ് | ഹാബിറ്റാറ്റിന് നൽകിയ തുക |
|---|---|---|---|
| 451689/- | 451689/- | KBOCWW Board-4517/-<br>GST@2%-8034/- | 438138/- |

സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതി 31.03.2020 ൽ പൂർത്തികരിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.എന്നാൽ 2019-20 പദ്ധതിയ്ക്കായി 156821/- രൂപയാണ് ചെലവഴിച്ചത്. പ്രസ്തുത തുക ചെലവഴിച്ചതിന്റെ യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമായില്ല.

ഹാബിറ്റാറ്റുമായി ഏർപ്പെട്ട കരാർ, ഹാബിറ്റാറ്റിന് നാളിതുവരെ നൽകിയ തുകയുടെ വിവരം, 156821/-രൂപ ചെലവഴിച്ചതിന്റെ ചെലവ് രേഖകൾ, പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, പൂർത്തീകരിച്ചിട്ടില്ലെങ്കിൽ നിലവിലെ സ്ഥിതി വിവരം, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 12ന് മറുപടി ലഭിച്ചില്ല.

ആയതിനാൽ ചെലവ് തുകയായ 156821/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല - 704607/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. - S0008/2020

പ്രോജക്റ്റിന്റെ പേര് - തെരുവ് വിളക്ക് പരിപാലനം - LED വിളക്കുകളും അനുബന്ധഉപകരണങ്ങളും വാങ്ങൽ

അടങ്കൽ തുക - 2500000/-( വികസനഫണ്ട്(ധനകാര്യകമ്മിഷൻ ഗ്രാന്റ്))

ചെലവ് തുക - 704607/- ( വികസനഫണ്ട്(ധനകാര്യകമ്മിഷൻ ഗ്രാന്റ്))

ബിൽ നം. /തീ - 217/23.10.19(ACR പ്രകാരം)

25 ലക്ഷം രൂപ അടങ്കൽ തുകയായി വെച്ചിരുന്ന പ്രസ്തുത പദ്ധതിയിൽ 704607/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് United Electrical Industries Ltd. എന്ന സ്ഥാപനത്തിൽ നിന്ന് LED വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 704607/- രൂപ (ഇൻവോയിസ് നം.403 തീ. 4.10.19 Rs.358107/-, ഇൻവോയിസ് നം.412 തീ. 9.10.19 Rs.346500/-)നൽകിയിട്ടുണ്ട്. ഇൻവോയിസ് പ്രകാരമുള്ള ഉപകരണങ്ങൾ ലഭിച്ചതിന്റെയും ആയത് സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കൻ ഓഡിറ്റ് എൻക്വയറി നം -20 പ്രകാരം ആവശ്യപ്പെട്ടിട്ടും ആയത് ലഭിച്ചില്ല. തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274 നമ്പർ മാർഗ്ഗനിർദ്ദേശ പ്രകാരം ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും ആയതിന്റെ കൃത്യത സെക്രട്ടറി ഉറപ്പാക്കേണ്ടതുമാണ്. എന്നാൽ സ്റ്റോക്ക് കൃത്യമായി പരിപാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്ന രേഖകൾ ലഭ്യമാകാത്തിനാൽ ചെലവ് തുകയായ 7,04,607/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 ആരോഗ്യരംഗം, (പി എച്ച്സി/സി എച്ച് സി)- പദ്ധതികൾ - ചെലവുരേഖാപരിപാലനത്തിലെ അപാകതകൾ

2019-2020 വർഷത്തെ മെഡിക്കൽ ഓഫീസർ,പി എച്ച്സി/സി എച്ച് സി നിർവഹിച്ച പദ്ധതികൾ പരിശോധിച്ചതിൽ

താഴെപ്പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1. 2019-2020 വർഷ പദ്ധതികളുടെ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് പദ്ധതി വിഹിതം ചെലവഴിച്ചിട്ടില്ല/ വളരെ കുറച്ച് ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് | അടങ്കൽ തുക | ചെലവഴിച്ച തുക (ശതമാനം) |
|---|---|---|---|---|
| 1 | 30 | എഫ് എച്ച് സി യുടെ വാഹനവാടക(New) | തനത് ഫണ്ട്- 200000/- | 165000/- (82.5%) |
| 2 | 34 | ലാബ് ഉപകരണങ്ങൾ, റീഏജന്റ്, കാർഡുകൾ, കൺസ്യൂമബൾസ് വാങ്ങൽ(New) | മെയിന്റനൻസ് ഫണ്ട്- റോഡിതരം- 200000/- | 0/- (0%) |
| 3 | 77 | ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടിയുടെ ശാക്തീകരണം(New) | മെയിന്റനൻസ് ഫണ്ട്- റോഡിതരം- 200000/- | 100000/- (50%) |
| 4 | 89 | സാന്ത്വന പരിചരണം(New) | വികസന ഫണ്ട്- പൊതുവിഭാഗം സാധാരണ വിഹിതം-699900/- മറ്റ് ബ്ലോക്ക് പഞ്ചായത്ത്- 100000/- | 425867/- (53.24%) |
| 5 | 90 | വൃദ്ധജന പരിപാലനം(New) | വികസന ഫണ്ട്- പൊതുവിഭാഗം സാധാരണ വിഹിതം- 126500/- | 0/- (0%) |
| 6 | 106 | മുക്തി ഊർജിത സാംക്രമിക രോഗനിയന്ത്രണം(New) | മെയിന്റനൻസ് ഫണ്ട്- റോഡിതരം- 700000/- | 18500/- (2.64%) |
| 7 | 112 | കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ശാക്തീകരണം(New) | തനത് ഫണ്ട്-1585600/- | 1053688/- (66.65%) |
| 8 | 125 | സബ് സെന്റർ ശാക്തീകരണം(New) | തനത് ഫണ്ട്-23500/- മെയിന്റനൻസ് ഫണ്ട്- റോഡിതരം- 234000/- | 0/- (0%) |
| 9 | 190 | മുക്തി ഊർജിത സാംക്രമിക രോഗനിയന്ത്രണം(SO) | മെയിന്റനൻസ് ഫണ്ട്- റോഡിതരം- 221050/- | 182568/- (82.59%) |

പ്രസ്തുത പ്രോജക്ടുകൾ പൂർണമായി നിർവഹിക്കുവാൻ സാധിക്കാത്തതു ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി 5/25.06.2021 ന മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതികൾ കൃത്യമായി നിർവഹിക്കുന്നതിനും സമയബന്ധിതമായി ഫണ്ടുകൾ ലഭ്യമാക്കുന്നതിനും ലഭ്യമായ ഫണ്ടുകളുടെ വിനിയോഗം സുഗമമാക്കി പദ്ധതി പൂർത്തിയാക്കുന്നതിൽ ആരോഗ്യസ്റ്റാൻഡിംഗ് കമ്മറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും തുല്യമായി ശ്രദ്ധ ചെലുത്തേണ്ടതാണ്.

3. താഴെപ്പറയുന്ന പ്രോജക്ടുകളുടെ അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് | അടങ്കൽ തുക |
|---|---|---|---|
| 1 | 77 | ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടിയുടെ ശാക്തീകരണം(New) | തനത് ഫണ്ട്- 200000/- |
| 2 | 190 | മുക്തി ഊർജിത സാംക്രമിക രോഗനിയന്ത്രണം(SO) | മെയിന്റനൻസ് ഫണ്ട്- റോഡിതരം- 221050/- |
| 3 | 191 | ലാബ് ഉപകരണങ്ങൾ, റീഏജന്റ്, കാർഡുകൾ, കൺസ്യൂമബൾസ് വാങ്ങൽ(SO) | മെയിന്റനൻസ് ഫണ്ട്- റോഡിതരം- 100000/- |

പ്രസ്തുത പ്രോജക്ടിന്റെ ചെലവുരേഖകൾ ഓഡിറ്റിനു ഹാജരാക്കാണ്ടേതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക നിരാഹരണമായി മാറുന്നതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 5/25.06.2021 ന മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 ക്ഷീരവികസനം- പദ്ധതികൾ- ചെലവുരേഖാപരിപാലനത്തിലെ അപാകതകൾ

2019-2020 വർഷം ക്ഷീരവികസനവുമായി ബന്ധപ്പെട്ട് ഡയറി എക്സ്റ്റെൻഷൻ ഓഫീസർ നിർവഹിച്ച പദ്ധതികൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1. 2019-2020 വർഷ പദ്ധതികളുടെ സുലേഖ പ്രകാരമുള്ള പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. പ്രോജക്ട് നമ്പർ S0038/20 – മിനി ഡയറി യൂണിറ്റിന്റെ ആധുനിവത്കരണം അടങ്കൽ തുകയായ 200000/- രൂപയിൽ 32290/- (16.14%) രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഇപ്രകാരം ചെലവഴിക്കാതെയിരുന്നതിന് കാരണം ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി 25/28.06.2020 ക്കു മറുപടി ലഭ്യമാക്കിയില്ല.

ലഭ്യമായ ഫണ്ടുകളുടെ വിനിയോഗം സുഗമമാക്കി പദ്ധതി പൂർത്തിയാക്കുന്നതിൽ ആരോഗ്യസ്റ്റാൻഡിംഗ് കമ്മറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും തുല്യമായി ശ്രദ്ധ ചെലുത്തേണ്ടതാണ്.

3. പ്രോജക്ട് നമ്പർ S0038/20 – മിനി ഡയറി യൂണിറ്റിന്റെ ആധുനികവത്കരണം പ്രോജക്ടിന്റെ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ താഴെപ്പറയുന്ന അപാകതകൾക്ക് മറുപടി നൽകിയിട്ടില്ല (ഓഡിറ്റ് എൻക്വയറി 25/28.06.2020).

| ക്രമ നമ്പർ | അപേക്ഷന്റെ പേര് | അപാകത |
|---|---|---|
| 1 | വിജയകുമാർ കെ<br>വാർഡ് - 15 | അപേക്ഷയിൽ ഉരുക്കളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല<br>(സ.ഉ (കൈ) നം. 22/2018/ത സ്വ ഭ വ തീയതി 14/02/2018 പ്രകാരം 5 പശുക്കൾ ഉള്ളവരായിരിക്കണം ഗുണഭോക്താക്കൾ) |
| 2 | പ്രസന്ന ഡി<br>വാർഡ്- 10 | അപേക്ഷ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല |
| 3 | ആർരാജേന്ദ്രൻനായർ<br>വാർഡ്- 3 | അപേക്ഷയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. |

## 1-27 വൗച്ചർ പരിശോധന- കണ്ടെത്തിയ അപാകതകൾ

2019-2020 സാമ്പത്തിക വർഷത്തെ വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. പഞ്ചായത്തിലെ ജീവനക്കാരിൽ നിന്നും SLI അടിസ്ഥാന ശമ്പളത്തിനു ആനുപാതികമായ നിരക്കിൽ ഈടാക്കുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സാലറി ബിൽ- ഡിസംബർ 2019 | | | സാലറി ബിൽ- ഫെബ്രുവരി 2020 | | |
|---|---|---|---|---|---|---|---|
| | | ശമ്പളം | SLI ഈടാക്കിയ തുക | ഈടാക്കിയേണ്ടിയിരുന്ന കുറഞ്ഞ തുക | ശമ്പളം | SLI ഈടാക്കിയ തുക | ഈടാക്കിയേണ്ടിയിരുന്ന കുറഞ്ഞ തുക |
| 1 | എ ആർ അജിത്ത്- അസിസ്റ്റന്റ് സെക്രട്ടറി | BS-42500/-<br>DA-8500/-<br>HRA-1250/-<br>Gross-52250/- | 150/- | 500/- | BS-42500/-<br>DA-8500/-<br>HRA-1250/-<br>Gross-52250/- | 150/- | 500/- |
| 2 | അശോക് കുമാർ- ജെ. എസ് | BS-40500/-<br>DA-8100/-<br>HRA-1250/-<br>Gross-49850/- | 200/- | 500/- | BS-40500/-<br>DA-8100/-<br>HRA-1250/-<br>Gross-49850/- | 200/- | 500/- |
| 3 | റെജി ബി. സി- അക്കൗണ്ടന്റ് | BS-35700/-<br>DA-7140/-<br>HRA-1250/- | 175/- | 500/- | BS-35700/-<br>DA-7140/-<br>HRA-1250/- | 175/- | 500/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 30/28.06.2021 ന ഒരു ജീവനക്കാരൻ ഒഴികെയുള്ളവർ സ്ഥലം മാറ്റം ലഭിച്ച പോയവർ ആണെന്നും നിലവിൽ സ്ഥാപനത്തിലുള്ള ഉദ്യോഗസ്ഥന്റെ ജൂൺ മുതലുള്ള ശമ്പളത്തിൽ പ്രസ്തുത അപാകത പരിഹരിക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. നിലവിൽ വരെ SLI ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ഒടുക്കി അനുബന്ധരേഖകൾ ഓഡിറ്റിനെ ഹാജരാക്കേണ്ടതാണ്.

2. താഴെപ്പറയുന്ന വൗച്ചറുകളുടെ സബ് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ & തീയതി | ഇനം | തുക | അപാകത |
|---|---|---|---|---|
| 1 | 21900034 Dtd 17/04/2019 | വാഹന വാടക | 13,000/- | കൈപ്പറ്റ് രസീത് മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ, |
| 2 | 21900063 Dtd 27/04/2019 | ഹരിതസേന – സാലറി | 63000/- | സബ് വൗച്ച്സ് ഇല്ല. |
| 3 | 21900104 Dtd 27/05/2019 | സാനിട്ടേഷൻ | 3625/- | സബ് വൗച്ച്സ് ഇല്ല. |
| 4 | 21900123 Dtd 28/05/2019 | പബ്ലിസിറ്റി ചാർജ്ജസ് | 27000/- | സബ് വൗച്ച്സ് ഇല്ല. |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 30/28.06.2021 ക്ക മറുപടി നൽകിയില്ല.

3. വൗച്ചർ നമ്പർ 21900112 Dtd 28/05/2019 പ്രകാരം വെഹിക്കിൾ റിപ്പയർ എന്ന ഇനത്തിൽ 4650/- രൂപ (ബിൽ തീയതി 20/05/2019, വാഹനം- KL- 21 7147) തിരുവോണം കാർ പ്ലസ്സ്, നെടുമങ്ങാട് എന്ന സ്ഥാപനത്തിന നൽകിയിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗക്രമം -മാനദണ്ഡങ്ങൾ പ്രകാരം(സ.ഉ. (എം.എസ്)നം. 170/07 തസ്വഭവ തീയതി 30/06/2007) പ്രകാരം രണ്ടായിരം മുതൽ പതിനായിരം വരെ ക്വട്ടേഷൻ ക്ഷണിക്കാതെ സർക്കാർ അംഗീകൃത വർക്ക്ഷോപ്പിലും ക്വട്ടേഷൻ ക്ഷണിച്ച് അംഗീകാരമില്ലാത്തത വർക്ക്ഷോപ്പിലും നടത്താവുന്നതാണ്.

പ്രസ്തുത സ്ഥാപനത്തിനെ തിരെഞ്ഞെടുത്തത് എപ്രകാരമാണെന്നും ക്വട്ടേഷൻ വിശദാംശങ്ങളും പരിശോധനയ്ക്ക് ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി 30/28.06.2021 ക്ക മറുപടി നൽകിയില്ല. ഇന്ധന ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ മേൽ അപാകങ്ങൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

## 1-28 തെരുവ് വിളക്കുകളുടെ പരിപാലനവും പ്രകാശിപ്പിക്കലും -രേഖകൾ ലഭ്യമായില്ല -201990/- രൂപ തടസ്സം

പ്രോജക്റ്റ് നം. - S0009/2020

പ്രോജക്റ്റിന്റെ പേര് - തെരുവ് വിളക്ക് പരിപാലനം പ്രകാശിപ്പിക്കലും

അടങ്കൽ തുക - 1000000/-രൂപ(തനത് ഫണ്ട്)

ചെലവ് തുക – 201990/-രൂപ(തനത് ഫണ്ട്)

കരകുളം ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിൽ തെരുവ് വിളക്ക് യഥാസമയം അറ്റകുറ്റ പണിചെയ്ത് പ്രകാശിപ്പിക്കുക പുതുതായി ഇലക്ട്രിക്ക് ലൈൻ വലിച്ചതിൽ തെരുവ് വിളക്ക് ഉപകരണങ്ങൾ സ്ഥാപിച്ച് പ്രകാശിപ്പിക്കുക എന്ന ലക്ഷ്യം നിർവ്വഹിക്കുന്നതിനായിട്ടാണ് പദ്ധതി ആവിഷ്കരിച്ചത്. കരകുളം ഗ്രാമപഞ്ചായത്തിൽ നിലവിൽ തെരുവ് വിളക്ക് പരിപാലനത്തിനും റിപ്പയറിംഗിനുമായി നിയമിച്ച2 ഡ്രൈവർ -കം- ഇലക്ട്രീഷ്യൻമാർക്കും ടെക്നീഷ്യനും വേതനം നൽകുന്നതിനും, വാഹന വാടകയ്ക്കും, മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനും ഇന്ധന ചെലവിനുമായിട്ടാണ് 1000000/-രൂപ വകയിരുത്തിയത്.

ബിൽ നം. /തീ (ACR പ്രകാരം) 1

| ക്രമ നം. | ബിൽ നം. | തീയതി | തുക |
|---|---|---|---|
| 1 | 2 | 10.05.19 | 13000 |
| 2 | 11 | 11.06.19 | 13000 |
| 3 | 34 | 11.07.19 | 13000 |

| | | | |
|---|---|---|---|
| 4 | 39 | 16.07.19 | 46900 |
| 5 | 89 | 8.08.19 | 13000 |
| 6 | 150 | 6.09.19 | 13000 |
| 7 | 184 | 9.10.19 | 13000 |
| 8 | 229 | 7.11.19 | 13000 |
| 9 | 257 | 2.12.19 | 12090 |
| 10 | 279 | 12.12.19 | 13000 |
| 11 | 328 | 16.01.20 | 13000 |
| 12 | 407 | 28.02.20 | 13000 |
| 13 | 446 | 19.03.20 | 13000 |

ക്രമനം 5,12,13 എന്നിവയിൽ പരാമർശിച്ചിട്ടുള്ള തുകകൾ നൽകിയതിന്റെ ബിൽ(TR-59(E)) മാത്രമേ പരിശോധനയ്ക്ക് ലഭ്യമായുള്ളൂ ആയത് പ്രകാരം ശ്യാംകുമാർ.വി.എസ് എന്ന വ്യക്തിക്ക് 13000/- രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ബില്ലുകൾ പ്രകാരം 201990/-രൂപ ചെലവഴിച്ചതിന്റെ ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. ഇലക്ട്രീഷ്യനെയും ടെക്നീഷ്യനെയും നിയമിച്ചതിന്റെ രേഖകളും യോഗ്യത സംബന്ധിച്ച രേഖകളും പരിശോധനയ്ക്ക് ലഭ്യമായില്ല.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274 നമ്പർ മാർഗ്ഗനിർദ്ദേശ പ്രകാരം അടാട് മാതൃക അവലംബിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമായില്ല.

ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതാണെന്നും കേടായ സാധനങ്ങൾ അതത് ദിവസം തന്നെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റം എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണെന്നും,ഒരു മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും ആയതിന്റെ കൃത്യത സെക്രട്ടറി ഉറപ്പാക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയതിനെ സാധൂകരിക്കുന്ന രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമായില്ല. പരാതി രജിസ്റ്റർ, Stock In Register, Stock Out Register, Maintenance Register ,Monitoring Report എന്നിവയും പരിശോധനയ്ക്ക് ലഭ്യമായില്ല.

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം -20 ന് മറുപടി ലഭിച്ചില്ല. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 201990/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-29 ഉദ്പാദന മേഖലക്കായുള്ള ഫണ്ട് വകയുരുത്തലുകൾ പൂർണമായി വിനിയോഗിച്ചിട്ടില്ല.

2019-20 സാമ്പത്തിക വർഷം കരകുളം ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി ഉദ്പാദന മേഖലയിലെ കൃഷിക്ക് ആകെ അടങ്കൽ 5,53,32,568/- രൂപ ഫണ്ട് വകയിരുത്തി 7 പ്രോജക്റ്റുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും (അവലംബം- വാർഷിക ചെലവ് പത്രിക) വകയിരുത്തിയതിന്റെ 30% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ(ചെലവ്: 1,67,92,199രൂപ). തദ്ദേശഭരണസ്ഥാപനപരിധിയിൽ ഉല്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയും, സ്വയം പര്യാപ്തതയും കൈവരിക്കുന്നതിനാവശ്യമായ വിധം പ്രോജക്റ്റുകൾ ആവിഷ്ക്കരിക്കുകയും ശേഷം അത് പൂർണ്ണമായും നടപ്പാക്കാതിരിക്കുന്നതും വഴി ലക്ഷ്യ പ്രാപ്തി കൈവരിക്കാൻ സാധിക്കാതെ പോകുന്നു. പദ്ധതി ആസൂത്രണത്തിലെ പാളിച്ച മൂലം വലിയ തുകകൾ വികസന ഫണ്ട് വകയിരുത്തി തയ്യാറാക്കുന്ന പല പ്രോജക്റ്റുകളും പൂർത്തീകരിക്കാൻ സാധിക്കാതെ വികസന ഫണ്ട് പാഴാവുന്ന അവസ്ഥയും സംജാതമാകുന്നു.

ഉദാഹരണമായി ഹരിത ഭവനം പദ്ധതി - 2018-19, 2019-20 വർഷങ്ങളിലായി നടപ്പിലാക്കാൻ ആവിഷ്ക്കരിച്ചെങ്കിലും രണ്ട് വർഷങ്ങളിലും പദ്ധതി പൂർണമായി നടപ്പാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. മുൻ വർഷത്തെ ഹരിത ഭവനം പദ്ധതി തുക ചെലവഴിക്കാതെ പദ്ധതി (പ്രോ.നം.189/20)സ്പിൽ ഓവറാക്കിയിട്ടുണ്ട്. എന്നാൽ 2019-20 വർഷവും അതേ പദ്ധതിക്കായി ഫണ്ട് വകയിരുത്തി പുതിയ പ്രോജക്റ്റ് (68/20) രൂപീകരിച്ചിട്ടുണ്ട്. പദ്ധതി വിഭാവനം ചെയ്ത പോലെ തൻവർഷ പ്രോജക്റ്റും, സ്പിൽ ഓവർ പ്രോജക്റ്റും പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായി നടത്തിയിട്ടില്ല(ചെലവ് യഥാക്രമം 26%, 5%). വിശദാംശങ്ങൾ ചുവടെ

| പ്രോജക്റ്റ് നമ്പർ : S0068/20, ഹരിത ഭവനം -ചെലവ് : 26% | | |
|---|---|---|
| ആകെ അടങ്കൽ | | ചെലവ് |
| ഫണ്ടിനം | തുക | |
| വി.ഫ-ജനറൽ | 224000 | 69220 |
| ജി.പ വിഹിതം | 224000 | 98587 |
| | | |

| | | |
|---|---|---|
| ഗുണഭോക്തൃവിഹിതം | 279680 | 20725 |
| ആകെ | 727680 | 188532 |
| പ്രോജക്റ്റ് നമ്പർ : S00189/20, ഹരിത ഭവനം (സ്പിൽ ഓവർ)ചെലവ് : 5% | | |
| വി.ഫ-ജനറൽ | 350025 | 70025 |
| ജി.പ വിഹിതം | 280000 | 0 |
| ഗു.വിഹിതം | 656600 | 0 |
| ആകെ | 12,86,625 | 70025 |

പ്രസ്തുത പ്രോജക്റ്റ് സ്പിൽ ഓവറാക്കി2019-20 വർഷം നടപ്പാക്കാനിരിക്കേ, അതേ പദ്ധതിക്കായി ഫണ്ട് വകയിരുത്തി തൻവർഷവും പുതിയ പ്രോജക്റ്റ് രൂപീകരിച്ചത് അപാകതയാണ്. കൂടാതെ പദ്ധതി സംബന്ധിച്ച് ഗുണഭോക്താക്കളിൽ അവബോധം സൃഷ്ടിക്കുന്നതിൽവീഴ്ചയുണ്ട്. ഹരിതഭവനം പദ്ധതിക്കായി സർക്കാർ മാർഗ്ഗരേഖയിൽ (സ.ഉ.(കൈ)നം.22/2018/ ത.സ്വ.ഭ.വ, തീ.14.2.2018,ഖ: 6.1), അനുശാസിക്കും പ്രകാരം ഗുണഭോക്താക്കളിൽ നിന്ന് Beneficiary Enrollment Form – വീട്ട് വളപ്പിൽ പരിസ്ഥിതി സൗഹൃദമായി ചെയ്യാൻ കഴിയുന്ന ഹരിതഭവനംപ്രവർത്തനങ്ങളുടെ പട്ടിക ഗുണഭോക്താക്കൾക്ക് നല്കി അടുത്ത നാല് വർഷങ്ങളിലായി ഗുണഭോക്താവിന് നടപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയത്- ഗുണഭോക്താക്കളിൽ നിന്ന് നിർവഹണഉദ്യോഗസ്ഥൻ വാങ്ങി സൂക്ഷിക്കേണ്ടതുണ്ട്. അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്നതിൽ വ്യക്തതയില്ല. കൂടാതെ ഗുണഭോക്താക്കൾക്ക് ഹരിതഭവനംസംബന്ധിച്ച് ബോധവല്ക്കരണ ക്ലാസ്സുകളും, പരിശീലനവും നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോഎന്നും വ്യകതമല്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 32/ 30.07.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഉദ്പാദന മേഖലയിലെ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ വേണ്ട മുൻകരുതലുകൾ നിർവഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. ആയതിൽ സമയബന്ധിതമായ ഇടപെടൽ നടത്താൻബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും, വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-30 കരകുളം പഞ്ചായത്തിനും കരകുളം പി.എച്ച്.സിയ്ക്കും ഐ.എസ്.ഒ 9001-2015 സർട്ടിഫിക്കേഷൻ - രേഖകൾ ഹാജരാക്കിയില്ല - 51600/-രൂപ തടസ്സം

പ്രോജക്റ്റ് നം. - S0172/2020

പ്രോജക്റ്റിന്റെ പേര് - കരകുളം പഞ്ചായത്തിനും കരകുളം പി.എച്ച്.സിയ്ക്കും ഐ.എസ്.ഒ 9001-2015 സർട്ടിഫിക്കേഷൻ

അടങ്കൽ തുക - 180000/-രൂപ(തനത് ഫണ്ട്)

ചെലവ് തുക –51600/-രൂപ(തനത് ഫണ്ട്)

ബിൽ നം. /തീ - 166/23.09.2019 28000/- രൂപ(ACR പ്രകാരം)

167/23.09.2019 23600/- രൂപ (ACR പ്രകാരം)

സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ പ്രകാരം 28000/രൂപ SFO Technologies Pvt Ltd. എന്ന സ്ഥാപനത്തിനും 23600/-രൂപ Integrated Quality Certification Pvt Ltd എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്. Integrated Quality Certification Pvt Ltd എന്ന സ്ഥാപനത്തിന്റെ 18.12.18-ലെ IOC/L/BLR/FA/585/2019-20 നമ്പർ കത്ത് പ്രകാരം 23600/- രൂപയും 17/9/919-ലെ IOC/L/BLR/FA/410/2019-20 നമ്പർ കത്ത് പ്രകാരം 16400/- രൂപയും ആഡിറ്റ് സർവ്വീസ് നൽകയതിനുള്ള പ്രതിഫലമായി ആവശ്യപ്പെട്ടിട്ടുണ്ട്. (ഇൻവോയിസും ലഭ്യമാണ്). എന്നാൽ SFO Technologies Pvt Ltd. എന്ന സ്ഥാപനത്തിന് 28000/- രൂപ നൽകിയതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. കരകുളം പഞ്ചായത്തിനും കരകുളം പി.എച്ച്.സിയ്ക്കും ഐ.എസ്.ഒ 9001-2015 സർട്ടിഫിക്കേഷൻ നൽകുന്നതിനായി പ്രസ്തുത സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട രേഖകളും തുക ചെലവഴിച്ചതിന്റെ ചെലവ് രേഖകളും ഓഡിറ്റ് എൻക്വയറി നം - 12 പ്രകാരം ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ചെലവ് തുകയായ 51600/-രൂപ തടസ്സപ്പെടുത്തുന്നു . രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല – 1009923/- രൂപ തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന ഫയലുകൾ ഓഡിറ്റ് എൻക്വയറി 12 പ്രകാരം ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | പ്രോജക്റ്റ് നം/ പ്രോജക്റ്റിന്റെ പേര് | ബിൽ നം./ തീ | തുക |
|---|---|---|---|
| 1 | S0186/2020(നവീകരിക്കുന്ന കരകുളം ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസ് ഫർണിച്ചർ, എ.സി, മറ്റ് അനുബന്ധ സൗകര്യങ്ങൾ | 51/18.7.19 | 59500/- |
| | | 58/26.7.19 | 44294/- |
| | | 59/26.7.19 | 78060/- |

| | | | |
|---|---|---|---|
| | | 60/26.7.19 | 7300/- |
| | | 61/26.7.19 | 45550/- |
| | | 79/3.8.19 | 249819/- |
| | | 80/3.8.19 | 199000/- |
| 2 | S0185/2020 (ഏണിക്കര മാർക്കറ്റ് പണി പൂർത്തിയാക്കൽ) | 49/18.7.19 | 209000/- |
| 3 | S0178/2020(വട്ടപ്പാറ ഇ-ടോയ് ലെറ്റ് എ.എം.സി) | 461/24.2.20 | 37000/- |
| 4 | S0170/2020(കരകുളം ഗ്രാമപഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ) | 37/15.7.19 | 35400/- |
| 5 | S0171/2020(ഉത്തരവാദിത്വ സ്വയംഭരണം ) | 137/4.9.19 | 45000/- |
| | ആകെ | | 1009923/- |

ആയതിനാൽ ചെലവ് തുകയായ 1009923/- തടസ്സപ്പെടുത്തുന്നു. ഫയലുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 ഏറ്റെടുത്ത സ്പിൽ ഓവർപ്രോജക്ടുകൾ ഉപേക്ഷിച്ചു.പദ്ധതി ഏറ്റെടുക്കുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

ജി.ഓ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. മാത്രമല്ല വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ സ്പിൽ ഓവറായി തുടരേണ്ടുന്ന പദ്ധതികളെക്കുറിച്ച് തീരുമാനം എടുക്കുകയും അതിനെ വാർഷിക പദ്ധതിയുടെ ഭാഗമാക്കി മാറ്റേണ്ടതുമാണ്. കൂടാതെ സ്പിൽ ഓവറായി തുടരേണ്ടാത്ത പദ്ധതികളെ ഉപേക്ഷിക്കാവുന്നതുമാണ്.എന്നാൽ ഇവിടെ സ്പിൽ ഓവർ പ്രോജക്ടുകളായി ഏറ്റെടുത്ത പദ്ധതികൾ ഉപേക്ഷിച്ചതായി കാണുന്നു.

| ക്രമ നം | പദ്ധതി നം | പദ്ധതിയുടെ പേര് | അടങ്കൽ | ഫണ്ട്. |
|---|---|---|---|---|
| 1 | 238/20 | SBM-LMA LPBS ൽ ശുചിത്വ സൗകര്യം ഒരുക്കൽ. | 50000/- | തനത്ഫണ്ട് |
| 2 | 239/20 | SBM-അംഗനവാടികളിൽ ടോയ് ലറ്റ് ബേബി ഫ്രണ്ട് ലി ആക്കി മാറ്റൽ. | 40000/- | തനത്ഫണ്ട് |

ഏറ്റെടുത്ത സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ (എൻക്വയറി നം നം 37) ഗുണഭോക്തൃ സമിതി കൂട്ടവാനം കൺവീനറെ തെരഞ്ഞെടുക്കാൻ കഴിയാത്തതിനാലും പദ്ധതി നം 238/20,239/20 എന്നിവ ഉപേക്ഷിച്ചതായി മറുപടി നൽകി. സ്പിൽ ഓവർ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-33 MGNREGS പദ്ധതിയുടെ വിശദാംശങ്ങൾ

2019-2020 സാമ്പത്തിക വർഷത്തെ MGNREGS പദ്ധതിയുടെ സാമ്പത്തിക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(എ.എഫ്.എസ് പ്രകാരം)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 28531 | 1912339* | 1940870 | 1609974** | 330896 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 28177913 | 28177913 | 28177913 | |
| ആകെ | 28531 | 30090252 | 30118783 | 29787887 | 330896 |

*ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്- 1911339/-

**ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവ്- 1608974/-

എ.എഫ്.എസ്- ലേയും ക്യാഷ് ബുക്കിലേയും വരവ് ചെലവ് തുകകൾ തമ്മിൽ 1000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

### 1-33-1 MGNREGS – ൻറെ പ്രവർത്തനം അവലോകനം

2019- 2020 സാമ്പത്തികവർഷത്തെ NREGS – ന്റെ പ്രവർത്തനത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.08/2021 -ന ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2019-20സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം-136<br>അംഗങ്ങൾ- 198 |
| 2019-20സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം-1462<br>തൊഴിലാളികൾ-1689 |
| 2019-20സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം-1733<br>തൊഴിലാളികൾ-1983 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | ഇല്ല |
| | |

| | |
|---|---|
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | ഇല്ല |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | ഇല്ല |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | ഇല്ല |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | 1733 |
| ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 420 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 420 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | ഇല്ല |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 23 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 23 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 46 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 265 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | സ്പിൽ ഓവർ- 38+227=265 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ചവ-175 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 68.38% |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 99977 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഉണ്ട് |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഇല്ല |
| ആസ്തിരജിസ്റ്റർ | ഉണ്ട് |
| ലേബർ കംബോണന്റ് | 27385013 |
| മെറ്റീരിയൽ കംബോണന്റ് | 792900 |
| ആകെ വരവ് | 30117783 |
| ആകെ ചെലവ് | 29786887 |

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 189 |
| 80-99 | 446 |
| 70-79 | 151 |
| 60-69 | 205 |
| 50-59 | 123 |
| 50 ൽ താഴെ | 348 |

## 1-34 എണിക്കര മാർക്കറ്റ്- ലേലത്തുക പൂർണമായും അടവാക്കിയിട്ടില്ല

2019-2020 സാമ്പത്തിക വർഷത്തെ ലേല രജിസ്റ്റർ പ്രകാരം 19/03/2019 തീയതിയിൽ നടത്തിയ എണിക്കര പബ്ലിക്ക് മാർക്കറ്റ്- ഗേറ്റ് ഫീ ആൻഡ് വേസ്റ്റ് ഡിസ്പോസൽ-ൻറെ ലേലത്തിൽ ആരും പങ്കെടുക്കാത്തതിനാൽ ലേലം മാറ്റി വയ്ക്കുകയും, തുടർ ലേലത്തിൽ ഏറ്റവും കൂടിയ തുക ക്വോട്ട് ചെയ്ത യുവശക്തി പുരുഷ സ്വയം സഹായ സംഘത്തിന് 13/05/2019-ലെ തീരുമാനം 5(1) പ്രകാരം 40,000/- രൂപയ്ക്ക് ലേലം ഉറപ്പിച്ച് നൽകുകയും ചെയ്തു. 22/05/2019 തീയതിയിലെ 119420101924 നമ്പർ രസീത് പ്രകാരം 15,000/- രൂപ സംഘം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ബാക്കി തുകയായ 25,000/- രൂപ നാളിതുവരെ അടവാക്കിയിട്ടില്ല. പ്രസ്തുത തുക ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നം.09/2021 മറുപടി നൽകിയിട്ടില്ല. തുക സംഘത്തിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ മുതൽ കൂട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-35 പഠനമുറി നിർമ്മാണം-എസ്.സി.പി(.പദ്ധതി നം 70/20 )-മുഴവൻ ഗുണഭോക്താക്കളും പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി നം - 70/20

അടങ്കൽ -3000000/-(മെയിന്റനൻസ് റോഡ്)

ചെലവ് -2200000/-

നിർവഹണം -അസിസ്റ്റന്റ് സെക്രട്ടറി.

ബിൽ നം

-1/2019-20.തീ.18/09/19 -650000/-

-2/2019-20.തീ.20/09/19-50000/-

-6/2019-20.തീ.15/10/19-150000/-

-7/2019-20.തീ.19/10/19-50000/-

-11/2019-20.തീ.24/10/19-200000/-

-13/2019-20.തീ.21/01/20-200000/-

-15/2019-20.തീ.20/01/20-100000/-

-16/2019-20.തീ.21/01/20-150000/-

-18/2019-20.തീ.21/01/20-400000/-

-19/2019-20.തീ.21/01/20-50000/-

-23/2019-20.തീ.24/02/20-50000/-

-24/2019-20.തീ.24/02/20-50000/-

-25/2019-20.തീ.24/02/20-50000/-

-27/2019-20.തീ.28/02/20-50000/-

800 ചതുരശ്രഅടിയിൽ അധികരിക്കാത്ത വീടുള്ളവർക്ക് 100 ചതുരശ്രഅടിയിൽ പഠനമുറി നിർമ്മിക്കുവാൻ ഒരു കുട്ടിക്ക് പരമാവധി 200000/-രൂപ വകയിരുത്തി അംഗീകാരം വാങ്ങിയതാണ് ടി പദ്ധതി. ഈ പദ്ധതി പ്രകാരം 15 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ചുവടെ പറയുന്ന 10 ഗുണഭോക്താക്കൾ തൻവർഷം പഠനമുറി പൂർത്തിയാക്കിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | വിജയലക്ഷ്മി.കെ.വിജയൻ | 150000/- |
| 2 | അഭിരാം.ആർ.എസ്സ്. | 150000/- |
| 3 | സന്തോഷ്.എം | 100000/- |
| 4 | സുശീല.എം | 150000/- |
| 5 | ജയൻ.ജെ | 50000/- |
| 6 | സതി.ആർ | 100000/- |
| 7 | ശ്രീജോഷ് | 150000/- |
| 8 | ചന്ദ്രിക.സി | 100000/- |
| 9 | അമൽ തമ്പി | 100000/- |
| 10 | ജയകുമാർ | 100000/- |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ പഠനമുറി പൂർത്തീകരിച്ചതിന്റെ രേഖകൾ,പൂർത്തീകരണ സാക്ഷ്യപത്രം വാല്യൂവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി(എൻക്വയറി നം28) നൽകിയപ്പോൾ ശ്രീ സന്തോഷ്, ശ്രീ.ശ്രീജേഷ് എന്നിവരൊഴികെ ബാക്കി ഗുണഭോക്താക്കൾ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന മറുപടിയും രേഖകളും ലഭ്യമാക്കി. ആയതിനാൽ അവശേഷിക്കുന്ന രണ്ട് ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം വാല്യൂവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 പ്രവൃത്തിപൂർത്തീകരണകാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി ദീർഘിപ്പിക്കേണ്ട സാഹചര്യങ്ങളിൽ കരാറുകാരൻ നിർവഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പി.എ.സി.യുടെ ഒരു ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 25%വരെ) ഈടാക്കിക്കൊണ്ട് ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്.തുടർന്നും ദീർഘിപ്പിക്കുന്ന പക്ഷം രണ്ട് ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 50%വരെ) ഈടാക്കിക്കൊണ്ടും ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയും പിഴ ഈടാക്കാതെയും ചുവടെ പറയുന്ന മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

1.ദേവീലെയ്ൻ റോഡ് റീടാറിംഗ്.

പദ്ധതി നം -215/2020

അടങ്കൽ -950000/-

ചെലവ് -891248/-

നിർവഹണം -അസി.എഞ്ചിനീയർ

കരാറുകാരൻ- -പ്രണവ്.പി.സി.

പി.എ.സി. -891248

ബിൽ നം -18/19-20 തീ. 28/09/19

എം ബുക്ക് നം -276/18-19

പ്രവൃത്തി ആരംഭിച്ച തീയതി -23/06/18

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി -22/12/18 (6 മാസം)

പ്രവൃത്തി പൂർത്തീകരിച്ച തീയതി -30/04/19

കാലതാമസം -4മാസം 8ദിവസം

ഈടാക്കേണ്ടിയിരുന്ന പിഴ -891248@3%=26737/-

2.ക്രൈസ്റ്റ് നഗർ തരംഗിണി റോഡ് റീ ടാറിംഗ്

പദ്ധതി നം -216/2020

അടങ്കൽ -930000/-

ചെലവ് -830827/-

നിർവഹണം -അസി.എഞ്ചിനീയർ

കരാറുകാരൻ- -പ്രണവ്.പി.സി.

പി.എ.സി. -859647/-

ബിൽ നം -11/19-20 തീ. 16/08/19

എം ബുക്ക് നം -280/18-19

പ്രവൃത്തി ആരംഭിച്ച തീയതി -23/06/18

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി -22/12/18 (6 മാസം)

പ്രവൃത്തി പൂർത്തീകരിച്ച തീയതി -07/04/19

കാലതാമസം -4മാസം 8ദിവസം

ഈടാക്കേണ്ടിയിരുന്ന പിഴ -859647@3%=25789/-/-

പ്രവൃത്തിപൂർത്തീകരണത്തിന് കാലതാമസം ഉണ്ടായതിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനിയർ മുഖാന്തിരം അപേക്ഷ സമർപ്പിച്ചിട്ടില്ല. കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടുമില്ല. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ മഴയും ബിറ്റുമിന്റെ കുറവും മൂലമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഈ വിഷയം സംബന്ധിക്കുന്ന ഭരണ സമിതി തീരുമാനവും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈടാക്കേണ്ടിയിരുന്ന പിഴ അതത് കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെല വഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 3400 | 98587 | ഹരിതഭവനം | 98587 | 0 |
| | | | 30240 | ജലശ്രീ- കിണർ റീച്ചാർജ് | 30240 | 0 |
| | | | 132000 | ക്ഷീരസമൃദ്ധി- പാലിന് സബ്സിഡി | 132000 | 0 |
| | | | | | | 3400 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 1312240 | 606750 | സ്നേഹ സ്പർശം | 572500 | 34250 |
| | | | 141279 | ക്ഷീരസമൃദ്ധി- പാലിന് സബ്സിഡി | 141279 | 0 |
| | | | 2348468 | ലൈഫ്-ജനറൽ | 1916424 | 432044 |
| | | | 2081800 | ലൈഫ്- എസ് സി പി | 1490000 | 591800 |
| | | | | | | 2370334 |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഏജൻസി | മുൻ ബാക്കി | തൻവർഷം നൽകിയ മുൻകൂർ തുക | ആകെ | ചെലവായ തുക | തൻവർഷം ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| KSEB | 7171934 | 1720565 | 8892499 | 0 | 8892499 |
| Water Authority | 2987625 | 0 | 2987625 | 0 | 2987625 |
| ANERT | 880000 | 0 | 880000 | 0 | 880000 |

### 4-3 മൊബലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പ | മുന്നിരിപ്പ് | തൻവർഷം ലഭിച്ചത് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| | | | | |
| കെ.യു.ആർ.ഡി.എഫ്.സി | 40340000 | 10960000 | 3573529 | 49853236* |

*സെക്രട്ടറിയുടെ പദ്ധതി പ്രകാരമുള്ള (എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) 3573529/- രൂപയാണ് ആകെ തിരിച്ചടവ്. ആയതിൻ പ്രകാരം വരേണ്ട നീക്കിയിരിപ്പ് 48226471/- രൂപയാണ്. എന്നാൽ എ എഫ് എസ് പ്രകാരം ചേർത്തിരിക്കുന്ന

നീക്കിയിരിപ്പ് 49853236/- രൂപയാണ്. 1626765/- രൂപയുടെ വ്യത്യാസം ഉണ്ട്. ലോൺ രജിസ്റ്റർ അപൂർണ്ണമായതിനാൽ ആധികാരികത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

## 4-5 സ്ഥിരം നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. / തീയതി | റിമാർക്കസ് |
|---|---|---|---|---|---|
| 2018-19 | ലഭ്യമായില്ല | 2322/- | ലഭ്യമായില്ല | ലഭ്യമായില്ല | ലെഡ്ജർ പ്രകാരം ഓഡിറ്റ് എൻക്വയറി നമ്പർ 15/2020 അടിസ്ഥാനത്തിൽ തിരിച്ചടച്ച തുകയാണ്. |
| ആകെ | | 2322/- | | | |

## 4-7 സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികൾ

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 178905206 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 129652390 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3930956 |

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് ഉദ്യോഗപ്പേര് |
|---|---|---|
| 1.21 | 1720565 | ശ്രീ സുമേഷ്.കെ.ആർ,സെക്രട്ടറി |
| 1.22 | 15450 | ശ്രീ സുമേഷ്.കെ.ആർ,സെക്രട്ടറി |
| | 17550 | ശ്രീ ഷിബു പ്രണബ്.ആർ.എസ്, സെക്രട്ടറി |
| | 35000 | ശ്രീ ഷിബു പ്രണബ്.ആർ.എസ്, സെക്രട്ടറി |
| | 16500 | ശ്രീ സുമേഷ്.കെ.ആർ,സെക്രട്ടറി |
| | 10950 | ശ്രീ അജിത് കുമാർ എ.ആർ, സെക്രട്ടറി(ഇൻ-ചാർജ്) |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 1.23 | 54853 | ശ്രീ സുമേഷ്.കെ.ആർ,,സെക്രട്ടറി |
| | 101968 | ശ്രീ അജിത് കുമാർ എ.ആർ,സെക്രട്ടറി |
| 1.24 | 704607 | ശ്രീ സുമേഷ്.കെ.ആർ,സെക്രട്ടറി |
| 1.28 | 78000 | ശ്രീ സുമേഷ്.കെ.ആർ,സെക്രട്ടറി |
| | 59900 | ശ്രീ അജിത് കുമാർ എ.ആർ, സെക്രട്ടറി(ഇൻ-ചാർജ്) |
| | 54090 | ശ്രീ ഷിബുപ്രണബ്.ആർ.എസ്,സെക്രട്ടറി |
| 1.29 | 51600 | ശ്രീ സുമേഷ്.കെ.ആർ,സെക്രട്ടറി |
| 1.30 | 59500 | ശ്രീ അജിത് കുമാർ എ.ആർ, സെക്രട്ടറി(ഇൻ-ചാർജ്) |
| | 44294 | ശ്രീ അജിത് കുമാർ എ.ആർ, സെക്രട്ടറി(ഇൻ-ചാർജ്) |
| | 78060 | ശ്രീ അജിത് കുമാർഎ.ആർ, സെക്രട്ടറി(ഇൻ-ചാർജ്) |
| | 7300 | ശ്രീ അജിത് കുമാർ എ.ആർ, സെക്രട്ടറി(ഇൻ-ചാർജ്) |
| | 45550 | ശ്രീ അജിത് കുമാർ എ.ആർ, സെക്രട്ടറി(ഇൻ-ചാർജ്) |
| | 249819 | ശ്രീ സുമേഷ്.കെ.ആർ,സെക്രട്ടറി |
| | 199000 | ശ്രീ സുമേഷ്.കെ.ആർ,സെക്രട്ടറി |
| | 209000 | ശ്രീ അജിത് കുമാർ എ.ആർ, സെക്രട്ടറി(ഇൻ-ചാർജ്) |
| | 37000 | ശ്രീ ഷിബു പ്രണബ്.ആർ.എസ്, സെക്രട്ടറി |
| | 35400 | ശ്രീ അജിത് കുമാർ എ.ആർ, സെക്രട്ടറി(ഇൻ-ചാർജ്) |
| | 45000 | ശ്രീ സുമേഷ്.കെ.ആർ,സെക്രട്ടറി |
| ആകെ | 3930956 | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1189/2018 തീ.25/5/18 | 1 | |
| 2005-06 | | 2 | |
| 2006-07 | | 1 | |
| 2009-10 | | 1 | |
| 2010-11 | | 2 | |
| 2011-12 | | 3 | |
| 2012-13 | | 7 | |
| 2013-14 | | 8 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1189/2018 തീ.25/5/18 | 17 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1997/2018 തീ.18/9/18 | 12 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1680/2017 തീ.30/1/18 | 3 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2426/2018 തീ.2/7/19 | 28 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/343/2020 തീ.26/05/2020 | 38 | |

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്